ചമ്പത്തിൽ

ചാത്തുക്കുട്ടിമന്നാടിയാർ

By

വിദ്വാൻ സി. കെ. രാമൻമേനോൻ



രണ്ടാംപതിപ്പ് കാപ്പി 2000

കലാവിലാസിനി പ്രസിദ്ധീകരണശാല

തിരുവനന്തപുരം

1939

 [~~One Rupee~~

ചമ്പത്തിൽ

ചാത്തുക്കുട്ടിമന്നാടിയാർ

By

വിദ്വാൻ ടി. കെ. രാമൻമേനോൻ



ഒന്നാംപതിപ്പ് കോപ്പി 2000

കലാവിലാസിനി പ്രസിദ്ധീകരണശാല

തിരുവനന്തപുരം

1939

 [One Rupee.

പ്രാരംഭം.

ഇന്നു നാം കാണുന്ന ഏതൊരു രാജ്യചരിത്രവും അന്യൂനമല്ല. സമുദായം, മതം, സാഹിത്യം, കലകൾ, ധനം എന്നിവയുടെ പ്രാരംഭം, ഗതി, വളർച്ച എന്നിവയെ സാരമായി ബാധിച്ചിട്ടുള്ളവയാണോ ചരിത്രം എന്നൊന്നു പരിശോധിച്ചു നോക്കുക. അപ്പോൾ കാണാം അതിന്റെ അപൂർണ്ണത. ഇതിഹാസകാർ തുടങ്ങിയ ഭാരതീയരും, വിൻസന്റ് സ്മിത്ത് തുടങ്ങിയ പാശ്ചാത്യരും ഇന്ത്യാചരിത്രനിർമ്മാണത്തിൽ, തങ്ങൾക്കു വിജയം കൈവന്നിട്ടുണ്ടെന്ന തീർച്ചയായും അഭിമാനിച്ചിരിക്കയില്ല. അവർക്കറിയാം തങ്ങളുടെ സംരംഭം രാജ്യത്തിലെ മേലെക്കുടങ്ങളെ മാത്രമേ സ്പർശിച്ചിട്ടുള്ളുവെന്ന്. ഇന്ത്യയിലെ ജനസമുദായത്തിന്റെ ഭരണ ഇന്ത്യാചരിത്രം രേഖപ്പെടുത്തുന്നവരാണോ? മതങ്ങളെ പരാമർശിച്ചുകൊണ്ടുള്ള പ്രസ്താവങ്ങൾക്ക് അതിൽ വല്ല സ്ഥാനവും കല്പിച്ചുകൊടുത്തിട്ടുണ്ടോ? ഇന്ത്യൻസാഹിത്യത്തിന്റെ ബഹുമുഖമായുള്ള വിഭാഗങ്ങളെ കുറിക്കുന്ന എത്ര ഏടുകൾ അതിലുണ്ട്? കലാജ്ഞാനത്തിന്ന് ചരിത്രം എത്രമാത്രം സഹായിച്ചിട്ടുണ്ട്? ചരിത്രകാരന്മാർതന്നെ ഇതിനെല്ലാം മറുപടി പറയട്ടെ.

അശോകൻ, ഹർഷൻ, റാണാ പ്രതാപസിംഹൻ, അക്ബർ, ഔറംഗസീബ്, ശിവാജി തുടങ്ങിയുള്ള അസംഖ്യം സമ്രാട്ടുകളുടെയും, അവരുടെ ഭരണകാലത്തുണ്ടായിട്ടുള്ള ചില വിശേഷ സംഭവങ്ങളുടെയും കഥ

പട്ടികയാണ് വാസ്തവത്തിൽ ഇന്ത്യാചരിത്രം. ഈ സ്ഥിതിയിൽ അതിന് എങ്ങനെ പൂർണ്ണതയുണ്ടെന്നു പറയാം? തീർച്ചയായും നിവൃത്തിയില്ല. ചരിത്രപരമായ കുറവിനെ പരിഹരിക്കണമെങ്കിൽ, അതിന്റെ എല്ലാ വശങ്ങളേയും ബാധിക്കുന്ന വിവിധ വിഷയങ്ങളുടെ വിവരണം കൂടിയേതീരൂ. അങ്ങനെ വേണം ചരിത്രം പൂർണ്ണമാകുന്നതിന്. സമുദായചരിത്രം, മതചരിത്രം, സാഹിത്യചരിത്രം, കലാവിജ്ഞാനീയം, ധനവിജ്ഞാനം തുടങ്ങിയ ഗ്രന്ഥങ്ങളെല്ലാം രാഷ്ട്രചരിത്രത്തിന്റെ അവയവങ്ങളാണെന്ന് ഇത്രയും പ്രസ്താവിച്ചതിൽനിന്നു ഏറെക്കുറെ വ്യക്തമാകും. അപ്പോൾ ഒരു കവി ചെയ്യുന്നതു ചരിത്രസംപൂർത്തിക്കുള്ള ഒന്നാണല്ലോ. അതു; ചിലർക്കു വിസംവദിക്കുമായിരിക്കാം. ആയിക്കൊള്ളട്ടെ. വാസ്തവത്തിൽ രാജ്യചരിത്രത്തിൽ, മറ്റെല്ലാററിനുമെന്ന പോലെ സാഹിത്യചരിത്രത്തിനും ഗണനീയമായ ഒരു സ്ഥാനമുണ്ട്.

സാഹിത്യചരിത്രം എന്നതു രാജ്യചരിത്രത്തിന് എത്രത്തോളം പ്രകാശം നൽകുന്നുണ്ടെന്നു നമുക്കൊന്നു ശ്രദ്ധിച്ചു നോക്കാം. വിവിധജാതി മനുഷ്യരുടെ ജീവിതാനുഭവങ്ങളുടെയും, അവകാശങ്ങളുടെയും, അധികാരങ്ങളുടെയും അസാധാരണമായ ഒരു വിവരണമാകുന്നു സാഹിത്യചരിത്രം. ആ വിവരണം രാജപ്രണയികളിൽനിന്നും കവികളിൽനിന്നുമാണ് നാം അംഗീകരിക്കുന്നത്. രാജസ്ഥാനങ്ങളേയും, അനേക യുദ്ധങ്ങളേയും, ഭരണ പരിവർത്തനങ്ങളേയും, രാജപരമ്പരയേയും മാത്രം ലക്ഷ്യമാക്കിക്കൊണ്ടുള്ള ചരിത്രത്തിന സാഹിത്യപരമായ വിലയും നിലയും എത്രയോ തുച്ഛമാകുന്നു-

ഇന്ത്യാചരിത്രം ഇന്ത്യയുടെ സാഹിത്യത്തിന്റെയും ചരിത്രമാകുന്ന ആ സുവർണ്ണകാലം എന്നാണ് നമുക്കൊന്നു കാണുമാറാവുക!

ഇന്ത്യാചരിത്രം, സാഹിത്യാന്വേഷണത്തെ സംബന്ധിച്ചിടത്തോളം പ്രായേണ അനിവൃത്തി ദുഷ്കരമായിരിക്കുന്നു എന്ന സംഗതി, ലജ്ജാപൂർവ്വമെങ്കിലും സമ്മതിക്കാതിരിക്കാൻ നിർവ്വാഹമില്ല. ഭാരതീയ സാഹിത്യശാഖകളെ, വിവിധ ഭാഷാസങ്കലിതമാകുന്നു. പക്ഷെ, ഈ ബൃഹച്ഛാഖകൾക്കെല്ലാം ആര്യദ്രാവിഡ സാഹിത്യങ്ങൾ തന്നെയാണ് ഉല്പത്തിസ്ഥാനമെന്ന നമുക്ക സമാധാനിക്കാം. വംഗസാഹിത്യം, ഹിന്ദിസാഹിത്യം, ഉർദു സാഹിത്യം, മറാട്ടിസാഹിത്യം എന്നിവ ആര്യസാഹിത്യത്തിന്റെ സന്താനങ്ങളായി നിന്ന് ലോക സാഹിത്യത്തിന്റെ പരിപൂർണ്ണത നേടുവാൻ ശ്രമിക്കുമ്പോൾ, തമിഴ്, കർണ്ണാടകം, തെലുങ്ക്, തുളു, മലയാളം എന്നീ സാഹിത്യങ്ങൾ ദ്രാവിഡസാഹിത്യത്തെ നിദാനമാക്കിവച്ചുകൊണ്ട് ആര്യസാഹിത്യസന്താനങ്ങളെ ലാളിച്ചുകൊണ്ടും, സ്വാതന്ത്ര്യമൂലമാക്കി സഹായിക്കയാണ് ചെയ്യുന്നത്.

മലയാള സാഹിത്യത്തിനും ഒരു ചരിത്രമുണ്ട്. അതു ചില പ്രത്യേക കാരണങ്ങളാൽ വിമർശകന്മാരുടെ വാദപ്രതിവാദങ്ങൾക്കും ഭിന്നഭിന്നങ്ങളായ അഭിപ്രായ ശതങ്ങൾക്കും അധീനമായിട്ടാണ് കിടക്കുന്നത്. സാഹിത്യത്തിന്റേതെന്നല്ല, ഒന്നിന്റെയും ചരിത്രം രേഖപ്പെടുത്തി വയ്ക്കുവാൻ ഉത്സുകമായിരുന്നില്ല കേരളീയലോകം. അവരുടെ നേട്ടവും, കോട്ടവും ചരിത്രധാരകളിലേക്കെത്തിയിരുന്നില്ല. ഇക്കാര്യങ്ങളിൽ പ്രത്യേ

ഷിച്ചും, ആദ്ധ്യാത്മികവിഷയങ്ങളിൽ പൊതുവേയും പ്രവർത്തിച്ചിരുന്ന പ്രാചീനകേരളീയർ, സാഹിത്യചരിത്രം തുടങ്ങി അവശ്യം വിജ്ഞേയങ്ങളായ വിഷയങ്ങളിൽ മനസ്സിരുത്തുവാൻ അത്ര ശ്രമിച്ചില്ല. അതിനാൽ മാത്രമാണ് നമ്മുടെ സാഹിത്യചരിത്രം ഇത്ര വികലമായിത്തീർന്നിരിക്കുന്നതു്. ഭാഷാചരിത്രകർത്താവായ ശ്രീമാൻ ഗോവിന്ദപ്പിള്ള അവർകളും, ഭാഷാസാഹിത്യചരിത്രകർത്താവായ ശ്രീമാൻ നാരായണപ്പണിക്കരവർകളും, തങ്ങളാലാവുന്നവിധം, കേരളീയ കവിലോകത്തെയും അവരുടെ കൃതികളെയും നമുക്ക പരിചയപ്പെടുത്തിതന്നിട്ടുണ്ട്. അവരും, ഐതിഹ്യങ്ങളേയും, ഉദാഹരണങ്ങളേയും ചില സ്ഥലത്തു കൂട്ടിക്കലർത്താതിരുന്നിട്ടില്ല. ഭാഷാസാഹിത്യസാമ്രാജ്യത്തിൽ കൈവിളക്കായി ശോഭിച്ച തുഞ്ചത്തുരാമാനുജനെഴുത്തച്ഛനെയും, കുഞ്ചൻനമ്പ്യാരെയും ജീവിതകാലം അന്ധകാരവലയത്തിൽപ്പെട്ടു സ്പഷ്ടരൂപമില്ലാതെയായിക്കിടക്കുന്നതെന്നസംഗതി തന്നെ, നമ്മുടെ ഭാഷാസാഹിത്യചരിത്രത്തിന്റെ ശോചനീയാവസ്ഥയെയാണല്ലോ പ്രകടിപ്പിക്കുന്നതു്. നമ്മുടെ പൂർവ്വികന്മാരുടെ അനാസ്ഥയാണ് ഇതിനൊക്കെ കാരണം. മേലാൽ ഇങ്ങനെയുള്ള ദുർവ്വിധി മലയാളസാഹിത്യത്തെ ബാധിക്കാതിരിക്കുവാൻ നാം ശ്രമിക്കേണ്ടതാവശ്യമാകുന്നു.

ഭാഷയുടെയും സാഹിത്യത്തിന്റെയും അഭ്യുദയത്തിനുവേണ്ടി ജീവിച്ചിരുന്നിട്ടുള്ളവർ, ഭാഷകൊണ്ട് ഉപജീവിക്കുന്നവരെക്കൊണ്ടെല്ലാം സമാരാധനയ്ക്കു പാത്രീഭവിക്കേണ്ടവരാണ്. ആ ആരാധന അവരെ സംബ

ഞ്ഞിട്ടുള്ള ധാരാളം ചരിത്രങ്ങളുടെ പ്രകാശനവുമാകുന്നു. സാഹിത്യകാരന്മാരുടെ ജീവചരിത്രത്തിന് ഏതൊരു ഭാഷയിലും പ്രാധാന്യവും പ്രാമുഖ്യവുമുണ്ട്. കേരളീയർ ഈ പരമരഹസ്യം അറിവാൻ തുടങ്ങിയതിന്റെ പ്രതിഫലനമാണ് പരിഷത്ത് സമ്മേളനങ്ങളിൽ സാഹിത്യകാരന്മാരുടെ ജീവചരിത്രം പ്രസിദ്ധപ്പെടുത്തേണ്ടതിനുള്ള കാലം അതിക്രമിച്ചിരിക്കുന്നു എന്നുള്ള പ്രസ്താവന. വി. വി. പ്രസിദ്ധീകരണശാലയുടെ ഉടമസ്ഥനും ഒരു നല്ല ഭാഷാപ്രണയിയുമായ ശ്രീമാൻ തോമസ് പോൾ അവർകളും ഭാഷാപ്രണയികളുടെ ജീവചരിത്ര പരമ്പര, പ്രസിദ്ധീകരിക്കുവാൻ ഉത്സുകനായതും, പത്തോളം ചരിത്രങ്ങൾ പ്രസിദ്ധപ്പെടുത്തി പൊതുജനങ്ങളുടെ ബഹുമാനാദരങ്ങൾ സമാർജ്ജിച്ചു സദുദ്യമനായതും, ഈ മഹത്തായ ഉദ്ദേശ്യത്തെ പുരസ്കരിച്ചാണ്. നിർഭാഗ്യവശാൽ ആ മാന്യമഹാൻ കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു. അല്ലെങ്കിൽ പുതിയ കാലത്തിനുള്ളിൽ സാഹിത്യചരിത്രഗ്രന്ഥത്തിനു ചേരുന്ന ഭാഷാപ്രണയികളുടെ ചരിത്രാവലി നമുക്കു കണ്ടു പരമാനന്ദമടയാമായിരുന്നു! എന്തു ചെയ്യാം!

കാലദേശാവസ്ഥകളുടെ പ്രതിബിംബമാണ് എവിടെത്തെയും സാഹിത്യം. കാലവും, ദേശവും, സ്ഥിതിയും മാറിമാറിക്കൊണ്ടിരിക്കുന്നതു പ്രകൃതിനിയമമാകുന്നു. അതനുസരിച്ച് സാഹിത്യത്തിനും ഇടയ്ക്കിടയ്ക്ക് പരിവർത്തനം സംഭവിക്കുന്നു. മനുഷ്യർ പ്രാകൃതാവസ്ഥയിൽനിന്നു സംസ്കൃതരായിത്തീരുക പകരുത്തോറും അവരുടെ പ്രകൃതിയെ പ്രതിബിംബിപ്പിക്കുന്ന സാഹിത്യത്തിനും സംസ്കാരം വരുന്നതായി കാണാം.

മലയാളഭാഷാസാഹിത്യവും വിവിധാകൃതി കൈക്കൊണ്ടിരിക്കുന്നു. ഒരുകാലത്ത് അതു ചെന്തമിഴ് പ്രവാഹത്തിൽ വിലസി; പിന്നീടത് സംസ്കൃതമഹിമാവിൽ വിളയാടി; അനന്തരകാലങ്ങളിൽ മണിപ്രവാളപ്രഭയിൽ നിമഗ്നമായി.

സാഹിത്യത്തിന്റെ പരിവർത്തനത്തിന് രീതിയും, ഭാഷയും ഒരുപോലെ അനുകൂലിക്കുന്നുണ്ട്. മലയാളസാഹിത്യം ഒരു വലിയപരിവർത്തനപ്പുഴയിലാണ് ഇന്നു പെട്ടിരിക്കുന്നത്. പ്രസ്തുത പരിവർത്തനം പ്രാരംഭിക്കുന്നതു മഹാമഹിമശ്രീ കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കാലം മുതൽക്കാണ്. അന്ന് അൽപമായി നാം കണ്ട ആ പരിവർത്തനം ഇന്ന് അതിന്റെ പരമകാഷ്ഠയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. വലിയ കോയിത്തമ്പുരാന്റെ സാഹിത്യസംരംഭത്തിൽ പ്രാദുർഭവിച്ച സാഹിത്യവിപ്ലവം, അദ്ദേഹത്തിന്റെ സമകാലീനന്മാരായ കവികളുടെ ഒന്നൊന്നായുള്ള യത്നങ്ങൾകൊണ്ടു ബലിഷ്ഠവും അസാധാരണവുമായിത്തീർന്നു. ഈ സഹപ്രവർത്തകന്മാരിൽ മുഖ്യസ്ഥാനം ശ്രീമാൻ ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാരവർകൾക്കുണ്ട്.

അദ്ദേഹത്തിന് സമകാലീനന്മാരായ മറ്റു കവികളെപ്പോലെ, യശസ്സു സമ്പാദിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനു കാരണം അദ്ദേഹമല്ല, കേരളീയരുടെ പക്ഷപാതമലിനമായ മനോഭാവം ഒന്നുമാത്രമാകുന്നു. "അവധാനം, പ്രാസസാഹസം എന്നിവകളെക്കൊണ്ട് ഉത്തമസാഹിത്യത്തെ പോഷിപ്പിക്കാതെ, കവികളെ ഒന്നും, രണ്ടും, മൂന്നും തരക്കാരായി പിരിച്ച്", അസ്ഥാനത്ത് സൗജന്യപ്രദർശനം ചെയ്യുന്നത് ഭാഷാസാഹിത്യ

ത്തിനു ഉണ്ടാക്കിക്കൊടുത്തിട്ടുള്ള ഭാഷാന്തരങ്ങളാകുന്നത്." നിർഭാഗ്യവശാൽ ഇതുവരെ കേരളം മലയാളസാഹിത്യത്തെയും ബാധിച്ചു കഴിഞ്ഞിരിക്കുന്നു. "മന്നാടിയാരുടെ കവിതാപാടവം തർജ്ജമകളിൽ മാത്രമേ വ്യക്തമാകുന്നുള്ളൂ; മററുള്ള ഒരു കവിസ്ഥാനം കൊടുക്കണമെങ്കിൽ, അയാൾ തന്റെ കല്പനാശക്തി ഉപയോഗിച്ച് എന്തെങ്കിലും കവിതയുണ്ടാക്കിയിരിക്കണം; അതല്ലാതെ ഒരു ഭാഷയിൽ മററുള്ളവർ ഉണ്ടാക്കിയിട്ടുള്ള കൃതികളെ മറെറാരു ഭാഷയിൽ തർജ്ജമമാത്രം ചെയ്യുന്നതുകൊണ്ട് അയാൾ ഒരു തർജ്ജമക്കാരൻ അല്ലെങ്കിൽ ഒരു പകർപ്പുകാരൻ എന്നല്ലാതെ കവിശബ്ദത്തിനു അർഹനായി വരുന്നതല്ല", ഇതാണ് മന്നാടിയാരവർകളെ ഉത്തമകവിപീഠത്തിൽ പ്രതിഷ്ഠാപനം ചെയ്യുന്നതിനു പ്രതിബന്ധമായി എതിരാളികൾ കൊണ്ടുവരുന്ന വാദമുഖങ്ങൾ.

ഇവയെ സംബന്ധിച്ചുള്ള ഒരു നിരൂപണം ഈ ഗ്രന്ഥത്തിന്റെ മറെറാരു ഭാഗത്തു കാണാവുന്നതാകയാൽ ഇവിടെ ഒന്നുംതന്നെ പ്രസ്താവിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

ഈ ചരിത്രപുരുഷനെക്കൊണ്ട് ഭാഷയ്ക്കും, സമുദായത്തിനും, സാഹിത്യത്തിനും, നാട്ടിനും ഉണ്ടായിട്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണെന്നും, എത്രത്തോളമാണെന്നും അറിയുകയാണ് നമുക്കിന്നാവശ്യം. അതാണ് ഇതിനു പരി പ്രതിപാദിക്കുന്ന പ്രബന്ധത്തിന്റെ യഥാർത്ഥലക്ഷ്യവും.

ചമ്പത്തിൽ

ചാത്തുക്കുട്ടിമന്നാടിയാർ

(ജീവചരിത്രവും കവിതാലോചനവും)

I

കൊച്ചി സംസ്ഥാനത്തിന്റെ വടക്കുകിഴക്കെഭാഗത്ത്, പാലക്കാട്ടുതാലൂക്കുമായി ഏതാണ്ട് അടുത്ത്, പ്രകൃതിശില്പങ്ങളാൽ ഏറ്റവും ശോഭിക്കുന്ന ഒരു പ്രദേശമാകുന്നു ചിറ്റൂർ. ഒരുകാലത്ത് ഈ രാജ്യം പാലക്കാട്ടുരാജാവിന്റെ ഭരണാധികാരത്തിലിരുന്നിരുന്നു. അദ്ദേഹത്തിന്റെ ദുരഭിമാനവും, കൈയൂക്കും വാർദ്ധക്യത്തിന്റെ ശക്തിയേറിയ ആക്രമണംകൊണ്ടു ക്ഷീണിച്ചതായി കണ്ടപ്പോൾ ഒരു കൊങ്ങൻരാജാവിനു തോന്നി ഈ അവസരം പാഴാക്കിക്കളയാതെ സ്വയംകൊണ്ടു പാലക്കാട്ടുരാജ്യസ്ഥാനം അധീനപ്പെടുത്തണമെന്ന്. അയാൾ വമ്പിച്ച സേനയോടുകൂടി യുദ്ധസന്നദ്ധനായിപ്പുറപ്പെട്ടു. തന്റെ താൽക്കാലികനിലയിൽ, കൊങ്ങനെ തോൽപ്പിച്ചു രാജ്യത്തെ രക്ഷിക്കാമെന്ന ആശ, രാജാവിനുണ്ടായില്ല. അദ്ദേഹം, പ്രബലന്മാരും നായർരാജ്യത്തിലെ രാജാക്കന്മാരുമായ സാമൂതിരിയോടും, ശേഖരീവർമ്മരോടുംകൂടി

ആപൽഘട്ടത്തിൽ, കൊച്ചിരാജാവിന് അന്നു ആത്മാ ർത്ഥസഹായികളായിരുന്നു എന്നു തീർച്ച. കൊച്ചിരാജാവു പാലക്കാട്ടുരാജാവിന്റെ നേരെ സൗഹാർദ്ദപൂർണ്ണമായി നീ ങ്ങി, ഏറനാട്ടുകാരായ കോവിലകങ്ങളിൽനിന്നു നയിക്ക പ്പെടുന്ന ഒരു സൈന്യം കൊങ്ങനാടിനായി പുറപ്പെ ട്ടു. കൊങ്ങൻ പാലക്കാട് ആക്രമിച്ചു കീഴ്പ്പെടു ത്തുക എന്ന അത്യാശയെ എതിർക്കാനായി [illegible] ിയുകയും, ചിറ്റൂരിനടുത്തുവെച്ച് പലതവണ ഏറ്റുമുട്ടുകയും ചെയ്തു. പാലക്കാട്ടുരാജാവ് ആ സമയത്തെല്ലാം പക്ഷേ, നിസ്സീമവും, സാഹായ്യവുമായിരുന്നു. അന്നു ശം, നാടുവാഴം, കോങ്കനാട് എന്നീ മൂന്നു പ്രദേശ ങ്ങൾ കൊച്ചിരാജാവിന്റെ സ്വാതന്ത്ര്യവും ഉത്തരവും നിറഞ്ഞു വഴിതെറ്റുന്ന ഭരണാധികാരികളെ വിട്ട കൊടുത്തു. ഇപ്രകാരം ചിറ്റൂർതാലൂക്ക് മേൽപറഞ്ഞ പ്രദേശങ്ങളാണ് ആ പാലക്കാട്ടുരാജാവു നിശ്ചയി ച്ച പ്രകാരമാണ് ഇന്നും കൊച്ചിരാജ്യത്തെ ഉൾക്കൊണ്ടിരിക്കുന്നതിൽ ചിറ്റൂർ, കൊങ്ങൻപട നടക്കുന്നു.

മറ്റൊരുവിധത്തിലും ചിറ്റൂർ പ്രസിദ്ധമായി ത്തീർന്നിട്ടുണ്ട്. ഭാഷാസാഹിത്യത്തിന്റെ പിതാ വ്, കേരളവാല്മീകിയും ആയ തുഞ്ചത്തു രാമാനുജനെഴു ത്തച്ഛനും, അദ്ദേഹത്തിന്റെ പ്രഖ്യാത ശിഷ്യന്മാരും ദീർഘ സമാധിയടഞ്ഞത് ഇവിടെവെച്ചാകുന്നു. ചിറ്റൂർ ഇന്നു മാം ആധുനികഭാഷാപ്രണയികളുടെ പ്രശംസയ്ക്കു പാത്രീ ഭവിക്കയും ചെയ്തിട്ടുണ്ടല്ലോ. [illegible] ക്കമേനോൻ, സുബ്രഹ്മണ്യശാസ്ത്രികൾ, വടവൂർ ഗോവിന്ദമേ നോൻ, സി. എസ്. ഗോപാലപ്പണിക്കർ എന്നിങ്ങനെ യുള്ള ഭാഷാപ്രണയികളുടെ സാന്നിദ്ധ്യംകൊണ്ടും ചിറ്റൂർ വിഖ്യാതമായിത്തീർന്നിരിക്കുന്നു.

പ്രകൃതിസൗഭാഗ്യം ചിറ്റൂരിനെ ധാരാളപ്രകാരത്തിൽ അനുഗ്രഹിച്ചിട്ടുണ്ട്. അത്യുന്നതങ്ങളും നിമ്നോന്നതപ്രകൃതികളുമായ ശൈലനിരകൾ; അവയിൽ തങ്ങിനിന്നു് കാണികളുടെ കണ്ണുകൾ കവരുന്ന മേഘപടലങ്ങൾ, അലതുടിച്ചുമണ്ടുന്ന കാറ്റുകൾ; പലതരത്തിലുള്ള കേരവൃക്ഷങ്ങൾ; കമുകുവൃക്ഷങ്ങൾ; ഔഷധങ്ങളും, സ്വാതന്ത്ര്യമുള്ള കവിവനങ്ങൾ; പറന്നും പാടിയും കളിക്കുന്ന നെൽവയലുകൾ; വിവിധതരം പുഷ്പങ്ങൾ, കള്ളൂറുന്ന ചെത്തുന്ന തെങ്ങുകൾ, സുന്ദരങ്ങളും ഹൃദയാവർജ്ജകങ്ങളുമായ പച്ചപ്പുൽനിരകൾ എന്നിവയെല്ലാം, ഇത്ര മനോഹരമായ ഒരു പ്രദേശം കൊച്ചിയിൽ വേറെ ചാലിക്കുമോ എന്നു സംശയമാണ്. വാസ്തവത്തിൽ കവികളെ ജനിപ്പിക്കുവാൻ വേണ്ടി പ്രകൃതിദേവി സൃഷ്ടിച്ചിട്ടുള്ള ഒരു സവിശേഷഭൂഭാഗമാണ് ചിറ്റൂർ എന്ന് ആർക്കും തോന്നിപ്പോകും. അത്രയ്ക്കുണ്ട് ആ ദിക്കിന്റെ സൗന്ദര്യം.

'വെട്ടത്തുനാട്ടിൻ നന്ദ്യാർവട്ടപ്പൂവ്' എന്ന പദ്യം പേരുകളെ ആകർഷിക്കുവാൻ സ്വയം കഴിവും നേടി, അനേകം സത്കൃതികളെക്കൊടുപ്പാൻ സന്നദ്ധമായിട്ടുള്ള [illegible] സംഗീതജ്ഞ [illegible] ഇവിടെയാണ്, ഈ ചരിത്രത്തിന്റെ [illegible] ഭാഗത്തിൽ പ്രതിപാദിക്കുന്ന [illegible] കൊല്ലവർഷം 1082-ാമാണ്ടു മിഥുനമാസത്തിൽ ജനിച്ചു. ചെറുപ്പത്തിൽ കഷ്ടതയും, ദുഃഖദാരിദ്ര്യാദികളും, സാഹചര്യങ്ങളുടെ അസ്വസ്ഥതകളും പരീക്ഷണങ്ങൾ പ്രത്യക്ഷമായിത്തീർന്നിട്ടുള്ള ഒന്നാണ്. ആ കഷ്ടതയെ

ത്തിന്റെ സമ്പൂർണ്ണമാതൃകയാകുന്നു. ആചാര്യപാദങ്ങളെ യശഃസ്തംഭമെലവിന്റെ ആവശ്യമായ ആദരം നൽകി വരു, ചരിത്രത്തിൽ കുടുംബം അത്ത്യുൽകൃഷ്ടതയോടുകൂടി ഗ്രന്ഥങ്ങളെഴുതിയിരുന്നു ഇന്നും, അവർ നൽകിയ ഗ്രന്ഥങ്ങളുടെ ആദായംകൊണ്ടും ഉറച്ചതാണ് ഇന്നത്തെ ത്തേയും നിർവ്വഹിക്കപ്പെടുന്നത്. ഒരു ചെറുപ്പത്തിൽ അവരിതികളാൽ ആ കുടുംബം, കലിന്റെയുടെയും കേന്ദ്രമാണ്

കഥാനായകന്റെ പിതാവു പാലക്കാട്ടുതാലൂക്കിൽ പെട്ട ദേശത്തുവെച്ച് എന്നാണ് ഒരു പ്രസിദ്ധ മായ കുടുംബത്തിലെ കാരണവരും, ശാസ്ത്രജ്ഞനായ ഏറ്റ പണ്ഡിതൻ സുവിദിതനുമായിരുന്നു. ഇന്നും ആ കുടും ബം, അഭിമാനവും ആഢ്യത്വം, സമ്പത്തും, സമ്പത്തും കൊണ്ട് അത്യുൽകൃഷ്ടമായി ശോഭിക്കുന്നത് ശാസ്ത്രജ്ഞ നായരുടെ സൗകുമാര്യം സ്വാതന്ത്ര്യമായിരിക്കെ, പ്രസി ദ്ധകുടുംബത്തിലെ ഒരു സ്ത്രീരത്നം അദ്ദേഹം ആ മഹാ ത്മാവിന്റെ സമ്പർക്കത്തിൽ ആകൃഷ്ടയും ആകുകയാണു. ഇങ്ങനെ പരസ്പരപ്രണയം വർദ്ധിച്ചതിന്റെ, അവരെ തമ്മിൽ വിവാഹബന്ധംകൊണ്ടു ബന്ധിപ്പിച്ചു. ആ അനുരാഗദമ്പതിമാരുടെ പ്രേമ ഫലമായിട്ടത്രേ കഥാനായകന്റെ ജനനമുണ്ടായി ട്ടുള്ളത്.

പുത്രൻ ജാതനായി ഏറെനാൾ കഴിയുന്നതിനു മുമ്പു ശാസ്ത്രജ്ഞൻ വിരക്തനായി. പ്രാണപ്രേയസി യുടെ അകാലവിയോഗവും, പുത്രന്റെ ഭാവിയെപ്പറ്റിയു ള്ള ചിന്തയും തീർത്ഥം ഭിക്ഷുവാകും ശേഷമാണെന്നി ങ്ങനെ ശാസ്ത്രജ്ഞനാണവർകൾ. കുട്ടിക്കു ഉചിതമുഹൂർത്ത ത്തിൽ ചാത്തുക്കുട്ടി എന്നു നാമകരണം ചെയ്തു.

ചാത്തുക്കുട്ടിയുടെ ജനനി—അദ്ദേഹത്തിന്റെ ജ്യേഷ്ഠത്തി— അമ്മമനോമിയമ്മയാണു പിന്നീടു ആ ബാലനെ “മുലപ്പാലൂട്ടി” വളർത്തിയതു്. അവർക്ക് അവനിൽ പുത്രനിർവിശേഷമായ സ്നേഹവും, വാത്സല്യവും ഉണ്ടായിരുന്നു. ആരെയും മനോമോഹിപ്പിക്കുന്ന സൗന്ദര്യം, ആരെയും മോഹത്തിൽ മയക്കുന്ന കിളിക്കൊഞ്ചൽ, എല്ലാം ആനന്ദദായകമായ ബാലലീലകളും ഇവയെല്ലാംകൊണ്ടു ചാത്തുക്കുട്ടി 'നിതംബിനീനാം കരം പകർന്നു' വിളങ്ങി. അമ്മമനോമിയമ്മക്കുള്ള വാത്സല്യത്തിനു എത്രത്തോളം ശക്തിയുണ്ടായിരുന്നു എന്നതിനു്,

> “[illegible]
> [illegible]”

ഈ ഉക്തി മതിയായ തെളിവാകുന്നു.

അമ്മമനോമിയമ്മയോടുകൂടെത്തന്നെ ചാത്തുക്കുട്ടിയെ സർവ്വാത്മനാ സ്നേഹിച്ചിരുന്ന മറ്റൊരു മഹാമഹനം ശങ്കരമേനോനവർകൾ. ഇദ്ദേഹം ചിത്രമെഴുത്ത്, കൊത്തുപണി, പ്രതിമാനിർമ്മാണം എന്നീ സുകുമാരകലകളിൽ (Fine arts, വിശേഷ നം), സംഗീതം ഇവയിൽ ഒന്നാമനായിരുന്ന ശങ്കരമേനോനവർകളിൽനിന്നാണു ചാത്തുക്കുട്ടിക്കു ഈ വക വിഷയങ്ങളിൽ വാസനകളും പ്രാബല്യവും, ഏറെക്കുറെ കിട്ടിയതെന്നു പറഞ്ഞാൽ അതിൽ അതിശയോക്തി ഒട്ടുമില്ലതന്നെ.

കഥാനായകന്റെ ബാല്യം, ദുഃഖമയമായിട്ടല്ല കഴിഞ്ഞുകൂടിയതു്. അതിൽ ആരും പനിനീരലകളും വിരിക്കുകയും ചെയ്തിട്ടില്ല. ബാല്യകാലസഹജങ്ങളായ അനേകം രോഗബാധകൾമൂലം, ഉൽക്ക

സ്ത്രീയായി വളരേണ്ട കുഞ്ഞിക്കുട്ടി, കവിതാസാമ്രാജ്യത്തി-ന്റെ. ഉത്തമമായ മനസ്സിന്റെ വലിയ സാമ്രാജ്യ ത്വവും, അനുഭവവും തന്നെ. അന്നത്തെ രാജ്ഞി ആ സ്ത്രീ രത്നത്തിനുള്ളിലേക്ക് പോലെ ശുശ്രൂഷിക്കപ്പെട്ടിട്ടു ണ്ട്. എട്ടുവയസ്സു കഴിഞ്ഞതുവരെ നമ്മുടെ കഥാനായി കന്നു യാതൊന്നും ഉണ്ടായിരുന്നില്ല

II

കുഞ്ഞിക്കുട്ടിയുടെ വിദ്യാഭ്യാസം തുടങ്ങിയതിനു ശേഷവിദ്യയിൽ നേടിയ അവരുടെ ശോധിതി നിമിത്തമായിരുന്നു. സ്വകാര്യ മട്ടെന്നു മാറി വന്ന കണ്ടപ്പോൾ, മാതുലൻ, കൊച്ചുണ്ണി കോനാത്തു് ഒ ന്റെയോ വരണ ഗുരു ഭാഗിനേയനെ വിദ്യയഭ്യസിപ്പി ക്കുവാൻ ഏർപ്പാടു ചെയ്തു. ഇക്കാലത്തു കുഞ്ഞിക്കുട്ടിക്ക് ഏഴു വയസ്സു പ്രായമാണ്.

വിദ്യാഭ്യാസം അന്നത്തെ നിലയിൽനിന്ന് ഇന്ന് വളരെ വ്യത്യാസപ്പെട്ടിട്ടുണ്ട്. നമ്മുടെ കുട്ടികളും സം സ്കാരങ്ങളും സ്വഭാഷയുമായി ഒട്ടും തന്നെ ബന്ധമി ല്ലാത്ത ഒരന്യഭാഷ പഠിക്കുന്നതിലാണിപ്പോൾ ഇ ടിപ്പ്. ഈ സമ്പ്രദായം പണ്ടുണ്ടായിരുന്നില്ല. സംസ്കൃ തഭാഷാജ്ഞാനമാണ് അന്നു കേരളത്തിൽ പ്രചാരപ്പെ ട്ടതായിരുന്നത്. ആ കാലം, ഒരു കാലഘട്ടമായി രുന്നുകൊണ്ട് അവകാശമായ ഉൽപ്പന്നങ്ങളെല്ലാം തിരഞ്ഞെടുത്ത് സംസ്കൃതകാവ്യങ്ങളും, സംസ്കൃതനാടക ങ്ങളും, സംസ്കൃതവ്യാകരണങ്ങളും, സംസ്കൃതവ്യാകരണം- എന്നുവേണ്ട എല്ലാം ശീലിച്ചുകൊണ്ടിരുന്ന കാല-

ഒരു വിദ്യാർത്ഥിയെ പല അദ്ധ്യാപകന്മാരും കൂടി പഠി ത്തെറിന്ന ബോധിപ്പിക്കുന്ന ദുസ്സഹമായ കാഴ്ചയും പലരു കാണാൻ വിഷമം. പണമെണ്ണി വാങ്ങിച്ചല്ലാതെ വിദ്യ നൽകയില്ലെന്ന നിയമമോ നിർബന്ധമോ അന്നില്ല. വിദ്യാലയപ്രവേശം ആരംഭിക്കുന്നതോടുകൂടി ക്ഷൌരി പരീക്ഷകളുമായി പരിചയപ്പെടുന്ന വിദ്യാർത്ഥികളും അന്നില്ല. ബാല്യാവസ്ഥയിലെങ്ങും പ്രാചീന വിദ്യാഭ്യാ സത്തിൽ ദോഷമെങ്കിലും സ്ഥാനവും ഉണ്ടായിരുന്നില്ല. വലിയ വലിയ കെട്ടിടങ്ങളോ അച്ചടിച്ച പുസ്തകങ്ങളോ അല്ല വിദ്യാർത്ഥികൾക്ക പരീക്ഷായോഗ്യതകൾ നൽകിയിരുന്നതു.

ചാത്തുക്കുട്ടിയുടെ ഗുരുനാഥൻ ചിറ്റൂർ നിവാസികളെല്ലാം ബഹുമാനങ്ങൾക്ക പാത്രീഭവിച്ച ഒരാശാനാണ്. അദ്ദേഹത്തിന പല പ്രദേശങ്ങളിലും അനേകം അന്തേവാസികളും ഉണ്ടായിരുന്നു. ഇവരെല്ലാം ആ ഗുരുനാഥന്റെ ഉപാസകരിൽ ചിലർ വിദ്യ അഭ്യസിക്കുന്ന കാഴ്ച പലരെയും അത്ഭുതപ്പെടുത്തി. ഓരോന്നു ഗുരുനാഥന്റെ ശിഷ്യവാത്സല്യം ഇന്നത്തെ അദ്ധ്യാപകന്മാർ അനുകരിക്കേണ്ട ഒന്നുതന്നെയാണ്. എത്രതന്നെയും ഒരു വിദ്യാർത്ഥിയെ സംബന്ധിച്ച എന്ത കേട്ടാൽ ആ ഗുരുനാഥന്റെ ഹൃദയം അസ്വാസ്ഥ്യമായി തീരും. അദ്ദേഹം അവന്റെ സമീപത്തെത്തി അവനെ വാത്സല്യപൂർവ്വം ശുശ്രൂഷിക്കയും സാന്ത്വനവാക്യങ്ങളെക്കൊണ്ട സന്തോഷിപ്പിക്കയും പതിവാണ്. ശിഷ്യന്മാരെ സന്മാർഗ്ഗപ്രവർത്തനത്തിൽ ഗുരുനാഥന്മാർക്കുള്ള ചുമതല ഏറ്റവും ഗുരുതരമാണെന്ന് അദ്ദേഹം നല്ലപോലെ മനസ്സിലാക്കിയിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ അന്തേവാസികൾ വിദ്യാഭ്യാസത്തി

ന്റെ സഹായത്തിനു ഫലം എന്തായിരുന്നു എന്നു പിൽക്കാലങ്ങളിൽ പ്രവൃത്തികൾ മൂലം ഞങ്ങളെ അറിയിക്കയും ചെയ്തിരുന്നു ദാമോദരശാസ്ത്രികൾക്ക് ആ ദിക്കിലുള്ള സാമഹിത്യശക്തി അനുഭവിക്കുന്നതിനായിട്ട് അതിനാൽ വിദ്യാലയവും വിദ്യാലയത്തിനു പുറവും അദ്ദേഹത്തിനു വ്യത്യസ്തമായി തോന്നിയിരുന്നില്ല എവിടെയും പ്രകീർത്തിമാനായി അദ്ദേഹം കൃതകൃത്യനായി കാലയാപനം ചെയ്തു.

ചാത്തുക്കുട്ടിയിൽ എത്രമാത്രം സവിശേഷ വാത്സല്യവും, ബഹുമാനവും ഉണ്ടാകുവാനുള്ള കാരണം, ആ ബാലന്റെ ബുദ്ധിസാമർത്ഥ്യവും, അധ്യയനത്തിലുള്ള ശ്രദ്ധയുമായിരുന്നു. സഹപാഠികളിൽ പലരെയും വിസ്മയിപ്പിച്ചുകൊണ്ടു ചാത്തുക്കുട്ടി ഗുരുപ്രീതി നേടി. ശാസ്ത്രി തനയന്റെ പഠിപ്പിനെപ്പറ്റി എന്താണ് അങ്ങയുടെ അഭിപ്രായമെന്ന് ഒരിക്കൽ ഗോവിന്ദമേനോനവർകൾ എത്രയും താല്പര്യത്തോടെ ചോദിച്ചതിന് ആ മഹാനുഭാവൻ പറഞ്ഞ മറുപടി ഇതായിരുന്നു:—"ചാത്തുക്കുട്ടിയുടെ ധാരണാശക്തി പലപ്പോഴും എന്നെ അത്ഭുതപരതന്ത്രനാക്കിയിട്ടുണ്ട്. പ്രാഗ്ഭാരത്തിൽ ഒരു ദീപമായിരുന്നു ചാത്തുക്കുട്ടി. ഇങ്ങനത്തിൽ ആ ഘടം തട്ടിയുടച്ച് അതിനകത്തിരിക്കുന്ന ദീപത്തിന്റെ പ്രകാശം നാലുപാടും വ്യാപിപ്പിക്ക മാത്രമേ എന്റെ കർത്തവ്യമാകുന്നുള്ളൂ. ചാത്തുക്കുട്ടിയുടെ അന്തരാത്മാവിൽ ജ്ഞാനരൂപമായി കിടപ്പുണ്ട് ബാഹ്യമാകുന്ന കരാവരണ തിമിരം അതു പുറത്തേക്ക് പ്രകാശിക്കുന്നില്ല. ഏറെ താമസിയാതെ അവൻ സഹൃദയലോകത്തിന്റെ ആകർഷണവസ്തുവായിത്തീരും."

ഈ അഭിപ്രായം ഒട്ടുംതന്നെ അവാസ്തവമല്ലെന്ന ഭാവിജീവിതത്തിലാകട്ടെ അവിടത്തെ അനുഭവപ്പെട്ടു. സ്വശിഷ്യൻ ഒരു കവിയായിത്തീരണമെന്നതിനുള്ള ലക്ഷ്യങ്ങളെല്ലാം വിദ്യാഭ്യാസകാലത്തുതന്നെ ഈ യുവാവിൽ കണ്ടു സന്തോഷിക്കുവാനും ഇടയായി. എന്നാൽ അതിലേക്കു ഇതു അധികമായി പരിപുഷ്ടമാക്കുവാൻ ഈ അദ്ദേഹം ജീവിച്ചില്ല. പിന്നീടു വിധിവശാൽ വന്നുചേർന്ന വിഷമതകളിൽ ഒന്നാണ് കവിതാസംരംഭം. പരസ്വാധീനതയും അലങ്കാരസ്വാധീനതയും ഇല്ലാത്ത ഒരു വിദ്യാർത്ഥി, കാവ്യരചനയ്ക്ക് ഉദ്യമിക്കുമ്പോൾ, അവന്റെ സ്വന്തം കൃതികൾ നിസ്സാരമായി അവഗണിക്കപ്പെട്ടുപോകുവാനിടയുണ്ട്. ജ്ഞാനം സമ്പാദിച്ചതിനുമേലല്ലാതെ ഇത്തരം സംരംഭങ്ങളിൽ കടക്കുന്നതു ആശാസ്യമായിരിക്കയില്ലല്ലോ. അതിനാൽ ബാല്യത്തിൽ കവിതകളുള്ള കവിതാവാസന, അതിനെ വികസിക്കാൻ പര്യാപ്തമായ സന്ദർഭമുണ്ടാകുന്നതുവരെ, പൊതുജനങ്ങൾ ഈ വാസന അറിയിച്ചില്ല. പക്ഷേ, അദ്ദേഹം ശിഷ്യനെ നിരാശപ്പെടുത്തുവാനും ഒരിക്കലും ശ്രമിച്ചിട്ടില്ല.

ഏഴു കൊല്ലത്തോളം ഒന്നായിരുന്നു, രാമനെഴുത്തച്ഛന്റെ കീഴിൽ വിദ്യാഭ്യാസം ചെയ്തു. സംസ്കൃതഭാഷയിലും, സാഹിത്യത്തിലും ആ യുവാവിന്ന സാമാന്യം ജ്ഞാനവും പരിചയവും ഇതിനകം സിദ്ധിക്കയുംചെയ്തു കഴിഞ്ഞിരുന്നു. ഉപരിവിദ്യാഭ്യാസം ചെയ്യണമെന്ന ഒന്നായിരക്ക് ആഗ്രഹമുണ്ടായി ബന്ധുജനം ഒന്നു ധനികരായിരുന്നില്ല, ഈ ആഗ്രഹം ഉയർത്തിപ്പിടിക്കുവാൻ സാധിക്കാതെവന്നതുകൊണ്ടും ചാവക്കാട്ടിലെ ഇപ്പിവ

പേരൂർ കൊച്ചുവരത് സുപ്രസിദ്ധപണ്ഡിതനായ വെങ്കിടാദ്രിശാസ്ത്രിയുടെ അന്തേവാസിയാകിയിരുന്നു. പരദേശത്തുനിന്ന് കേരളത്തിൽ വന്ന് ശാസ്ത്രപാണ്ഡിത്യംകൊണ്ട് സകലരുടെയും പ്രീതിക്കു പാത്രീഭവിച്ച മഹാനായിരുന്ന വെങ്കിടാദ്രി അദ്ദേഹത്തിന്റെ ഇട്ടിവപ്പേരൂരെ ശിഷ്യസമ്പത്തും അൽപമൊന്നുമായിരുന്നില്ല.

ഇവിടെയും കണ്ണിയാർ തൻ്റെ ഭയഭക്തിയും ബുദ്ധിസാമർത്ഥ്യവും ഏറെക്കുറെ പ്രകടമാക്കി. വ്യാഖ്യാതാവായ പട്ടർ കൊച്ചുകൃഷ്ണൻ രാമവാര്യവർകളുടെ പ്രധാന ശിഷ്യനും പണ്ഡിതനും, വൈദീകനും കവിയുമായ ബ്രഹ്മശ്രീ ഏടമന കൃഷ്ണൻ എമ്പ്രാന്തിരി അവർകളും ഇക്കാലത്ത് വെങ്കിടാദ്രിയുടെ ശിഷ്യത്വം കൈക്കൊണ്ട് ഇട്ടിവപ്പേരൂർ അദ്ധ്യയനംചെയ്തുതാമസിച്ചിരുന്നു. പഞ്ചുക്കുട്ടിനമ്പീശനാണ് ഈ മഹാപണ്ഡിതൻ്റെ സഹപാഠിയാകാനുള്ള ഭാഗ്യം സിദ്ധിച്ചത് ഇങ്ങനെയാണ്. വെങ്കിടാദ്രിക്കും ഈ ശിഷ്യരത്നത്തെ സംബന്ധിച്ച് വലിയ മതിപ്പുണ്ടായി. ഉത്തമശിഷ്യന്മാരെ സമ്പാദിക്കുവാൻ സാധിക്കുന്ന ഒരു ഗുരുവിൻ്റെ ഭാഗ്യം എത്ര മഹത്തായിരിക്കണം! ഇങ്ങനെയുള്ള അന്തേവാസികളെ തനിക്ക് നൽകിയ ദൈവത്തോട് വെങ്കിടാദ്രി ഹൃദയപൂർവ്വം കൃതജ്ഞത കാണിച്ചിരിക്കും. ഒരു കൊട്ടിൽ ഉണ്ടായ രണ്ടു പുഷ്പങ്ങളായിട്ടത്രെ അവരെ കണ്ടത്. അന്യോന്യത്തിലും കാണപ്പെട്ടിരുന്ന അപൂർവമായ ഒരു വിശിഷ്ടസ്നേഹം കവിശ്രേഷ്ഠന്മാരുടെ ഹൃദയങ്ങളിൽ പരിലസിക്കുന്ന സൗഹൃദത്തിനും ഏറെ വിശേഷമുള്ള ശാസ്ത്രി കണ്ടു.

ശാസ്ത്രജ്ഞതയും പാണ്ഡിത്യവും, സഹൃദയസ്വഭാവവുമായി മന്നാടിയാർ ഏതൊരുവനേയും ആകർഷിച്ചു. പട്ടണത്തിലെ മാന്യന്മാരെല്ലാം അദ്ദേഹം പരിചിതനായിരുന്നു. "കൊട്ടിൽ ബ്ലൂ" എന്ന് അപരാഭിധാനമുള്ള നാരായണമേനോനവർകളേയും, ശ്രീമാൻമാർ മാടമ്പത്തു ഉണ്ണിമേനോൻറയും, കണ്ണൂർ നാരായണമേനോൻറയും, സി. പി. അച്യുതമേനോൻ, മാളിയേക്കൽ കുഞ്ഞുവറീത്, ശ്രീമതി തോട്ടയ്ക്കാട്ട് ഇക്കാവമ്മ എന്നിവരേയും പേരുകൾ മന്നാടിയാരുടെ സഹൃദയസംഘത്തിൽ സവിശേഷം ഗണനീയന്മാരാകുന്നു. ഇവരെല്ലാം സാഹിത്യാഭിരുചിയുള്ളവരും, മന്നാടിയാരിൽ കൂറുള്ളവരുമായിരുന്നു. ഇവരുമായുള്ള സമ്പർക്കംകൊണ്ടു മന്നാടിയാരുടെ കവിതാസ്വാദനം ഉൽക്കടമായി വിളങ്ങി നവമണം നാലുപാടും വിതറുവാൻ തുടങ്ങി.

ഇരുപത്തൊന്നാമത്തെ വയസ്സിൽ മന്നാടിയാർ തിരുവിതാംകൂർ ഗവർമ്മെണ്ടുവകയായി നടത്തപ്പെടുന്ന "വക്കീൽപ്പണിക്ക്"(Pleadership)പരീക്ഷയ്ക്കുചെന്നു പ്രഥമസ്ഥാനത്തോടുകൂടി ജയം നേടി. മനുസ്മൃതി, പരാശരസ്മൃതി, യാജ്ഞവല്ക്യസ്മൃതി എന്നിവയുമായി ആധുനികനിയമങ്ങൾക്കുള്ള താരതമ്യത്തെ ക്രമീകരിച്ചു വിവർത്തിച്ചുകൊണ്ടു മന്നാടിയാരെഴുതിയ പ്രബന്ധം വായിച്ചു പരീക്ഷകന്മാർ ആശ്ചര്യപരതന്ത്രരായിപ്പോയത്രെ. ഹിന്ദുനിയമം, മുഹമ്മദീയനിയമം എന്നിങ്ങനെയുള്ള നിയമാവലികളുടെ സാരം ഗ്രഹിക്കുന്നതിനും, അതിനെ ഉൾക്കൊള്ളിക്കുവാനിടയിൽ പ്രതിപാദിക്കുന്നതിനും ഒരു സാഹിത്യനായകന് ഒരു പ്രത്യേകസാമർത്ഥ്യമുണ്ടെന്നും

പരീക്ഷകന്മാർ ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടതുവയാണ് വിജയികളുടെ കൂട്ടത്തിൽ ഒന്നാമ് അവർകളുടെ പേർ ഒന്നാമതായിക്കാണുവാനുള്ള കാരണം.

പരീക്ഷ പാസ്സായശേഷം ചില സുഹൃദ്ധിതന്മാർ നിർബ്ബന്ധിക്കയാൽ അക്കാലത്തുതന്നെ മന്നാടിയാർ ആലപ്പുഴ മുൻസിപ്പൽകോർട്ടിൽ വ്യവഹരിക്കുവാൻ സന്നത്തു വാങ്ങി. ചുരുങ്ങിയകാലത്തിനുള്ളിൽ അദ്ദേഹം ന്യായാധിപതിമാരുടെയും, ബാറിൽ അന്നുള്ള പ്രസിദ്ധ അഭിഭാഷകന്മാരുടെയും കക്ഷികളുടെയും ബഹുമാനത്തിന് അർഹനായി പരിണമിച്ചു. മന്നാടിയാർ പിടിച്ചിരുന്ന കേസുകളെല്ലാം ജയത്തിൽ പര്യവസാനിക്കുന്നതുകൊണ്ട് ധനാഗമമാർഗ്ഗം വിസ്തൃതമായിത്തീർന്നു. കേസ്സും കക്ഷികളും ദിനംപ്രതി വർദ്ധിച്ചുവർദ്ധിച്ചുവന്നു. പൊതുകാര്യങ്ങളിലും മന്നാടിയാരുടെ സാന്നിദ്ധ്യവും സഹായസഹകരണങ്ങളും അപേക്ഷിതം യഥാവസരമുണ്ടായി. ജനങ്ങൾക്ക് മന്നാടിയാരിൽ ഉണ്ടായിരുന്ന വിശ്വാസം അത്യധികം വർദ്ധിച്ചുവന്നു. അദ്ദേഹം എന്തഭിപ്രായപ്പെടുന്നുവോ അത് അക്ഷരംപ്രതി അനുഷ്ഠിക്കുവാൻ സന്നദ്ധരായ ഒരു ജനസമൂഹം അദ്ദേഹത്തിന്റെ പിന്നിലുണ്ടെന്നുള്ള കഥ അക്കാലത്ത് അദ്ദേഹം അറിഞ്ഞിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു.



III

മൂവാറ്റുപുഴെ വക്കീലായി പ്രാക്റ്റീസ് നടത്തിക്കൊണ്ടിരിക്കുന്ന കാലത്താണ് സാഹിത്യപ്രണയികളുടെ ശ്രദ്ധേയമായ മലയാളമനോരമപ്പത്രം മനോരമയാർ കൈവശമായിരുന്നത്. ആ പത്രത്തിന്റെ അധിപർ ശ്രീമാൻ കണ്ടത്തിൽ വർഗ്ഗീസുമാപ്പിള, മനോരമയിൽ സാഹിത്യരസികന്മാരെ എല്ലാവരെയും ഉത്സുകരാക്കുകയും, അദ്ദേഹമായിത്തന്നെ പരിചയപ്പെടുകയാലെയും ഈ. വി. വർഗ്ഗീസുമാപ്പിളയെപ്പോലെ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിച്ചിട്ടുള്ള ഒരു മാന്യദേഹം കേരളത്തിൽ ഈ അന്ത്യകാലംവരെ ജനിക്കയുണ്ടായിട്ടില്ല. അതുമൂലം അന്നത്തെ കവികളെ ലോകസമക്ഷം കൊണ്ടുവന്നു, അവരുടെ കവിതകൾ അതിനകം മനോരമയിൽ പ്രസിദ്ധം ചെയ്തു അദ്ദേഹത്തിന്റെ പ്രോത്സാഹനം നിമിത്തം അതിപ്രയത്നം ചെയ്യുന്ന കവികൾ അനന്തരകാലത്തിലെ പ്രസിദ്ധരായി തീരുകയായിരുന്നു. മനോരമപ്രവർത്തകരെക്കൊണ്ടു മറ്റും പലരും സിദ്ധിമാനെന്നു പ്രസിദ്ധനായിരുന്ന വർഗ്ഗീസുമാപ്പിള അവർകൾ ഉത്സുകനായി. അതുമുതൽ അദ്ദേഹം മനോരമയെ പ്രചാരമുള്ളതാക്കാനും പ്രോത്സാഹിപ്പിക്കാനും ആരംഭിച്ചു പത്രാധിപരുടെ നിർബന്ധത്താൽ മനോരമയിൽ ലേഖനമെഴുതുവാൻ തുടങ്ങി പേർവഹിച്ചു വളരെയധികം മനോരമയിൽ ഗദ്യപദ്യലേഖനങ്ങൾ ഒട്ടുവളരെ മനോരമയിൽ പ്രസിദ്ധീകരിച്ചു മനോരമയിലെ ഒരു പേർ എന്നുകൊണ്ടു പ്രഖ്യാതനായിത്തീർന്നു. അദ്ദേഹത്തിന്റെ കവിതകൾ സഹൃദയന്മാരുടെ ഇടയിൽ പരിണമിക്കുകയും ചെയ്തു.

ഒരിക്കൽ നമ്മുടെ കഥാനായകൻ തിരുവിതാംകൂറിന്റെ തലസ്ഥാനനഗരമായ തിരുവനന്തപുരത്തേക്കു പുറപ്പെട്ട സ്നേഹിതന്മാരെ അനുഗമിച്ചാണ് അദ്ദേഹം അവിടെ പോയത്. ഇക്കൂട്ടത്തിൽ അന്ന് നാടുവാണിരുന്ന ആയില്യംതിരുനാൾ രാമവർമ്മ മഹാരാജാവിനെ മനോരമയാൾ മുഖം കാണിക്കയും മഹാരാജാവു തിരുമനസ്സിലെ അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് ഏതാനും പദ്യങ്ങളെഴുതി സമർപ്പിക്കുകയും ചെയ്തു. വിദ്വൽപ്രകാണ്ഡമായ തിരുമനസ്സുകൊണ്ടു മനോരമയുടെ കവിതാപാടവം, അതിന്റെ യഥാർത്ഥരൂപത്തിൽ കണ്ടറിയാതിരുന്നില്ല. അവിടുന്നു മനോരമയോടൊരു അധികനേരം സംഭാഷണം ചെയ്കയും താഴിൽ പറയുന്ന സമ്മാനപാരിതോഷികങ്ങളാൽ മനോരമയെ സമ്മാനിതയാക്കി വിടുകയും ചെയ്തു.

മഹാരാജാവിന്റെ പ്രിയസഹോദരിയായ ലക്ഷ്മീബായിത്തമ്പുരാട്ടിയുടെ പ്രാണനാഥനായിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് മനോരമയെ കോവിലകത്തേക്കു ക്ഷണിച്ചുവരുത്തി സൽക്കരിച്ചതും ഈ അവസരത്തിലായിരുന്നു. സാഹിത്യസർവ്വസ്വമെന്ന ഒരു ഗ്രന്ഥമെഴുതിയതിനു അഭിപ്രായപ്രകടനം ചെയ്യുവാനും അവിടത്തെ കവനാരാമങ്ങളായ ഉപചാരങ്ങളും കൈക്കൊള്ളുവാനും ഇടവന്നതൊന്നു മനോരമയ്ക്കതിരറ്റ ആഹ്ലാദമുളവാക്കിയില്ല. മനോരമയുടെ പാണ്ഡിത്യത്തിൽ തിരുമനസ്സിലേക്കും അത്യന്തം ബഹുമാനവും സമുത്ഭൂതമായി. കോവിൽപ്പണ്ടാലയുടെ അതിഥിയായി കഴിവാനും ഒട്ടുനാൾ മനോരമ കോവിലകത്തുതന്നെ താമസി

ഷം പിറന്നാൾദിവസം കഴിഞ്ഞു മൂവാറ്റുപുഴ മടങ്ങുകയും കൊച്ചി മഹാരാജാവിന്റെയും വലിയതമ്പുരാന്റെയും സാന്നിദ്ധ്യത്തിൽ കഴിച്ചുകൂട്ടാനിടവന്ന സമയം, സ്വജീവിതത്തിന്റെ ഏറ്റവും മഹനീയമായ ഒരു ഭാഗ്യവിശേഷമെന്നു മന്നാടിയാർ പലരോടും പലപ്പോഴും പറയുകയുണ്ടായിട്ടുണ്ട്

1053-ാമാണ്ട് കുംഭമാസത്തിലാണു ഗൃഹനിർമ്മാണത്തിൽ പലതരത്തിലും ഉപദേശവും നിർബന്ധവും പ്രകടിപ്പിച്ചവർ പുരാണപ്രസിദ്ധവും, ശൈവവൈഷ്ണവപരവുമായ ഹാലാസ്യമാഹാത്മ്യം തർജ്ജമ ചെയ്യുവാൻ തുടങ്ങിയതു്. പാണ്ഡിത്യവും കവിതാവാസനയും ഒന്നുപോലെ സമ്മേളിച്ചിട്ടുള്ള സഹൃദയന്മാരെക്കൊണ്ടല്ലാതെ ഹാലാസ്യമാഹാത്മ്യം പോലുള്ള ഗ്രന്ഥം അനായാസേന ചെയ്വാൻ സാധിക്കുന്നതല്ല. ചില കവിശിരോമണികളും ഹാലാസ്യമാഹാത്മ്യം തർജ്ജമയ്ക്കു പുറപ്പെട്ടു പകുതിയിൽ പിൻവലിച്ച സംഗതി മന്നാടിയാരവർകൾക്കു ബോദ്ധ്യമായിട്ടുണ്ട് പക്ഷേ മന്നാടിയാരവർകൾ ക്ലേശംകൂടാതെ ഹാലാസ്യമാഹാത്മ്യം തർജ്ജമയിൽ കൈവച്ചു. 66 അദ്ധ്യായം വരെ അദ്ദേഹം മൂവാറ്റുപുഴ വച്ചു് പരിഭാഷപ്പെടുത്തി

ഇക്കാലത്താണു് ഗ്രാമവാസികളായ ഗൃഹസ്ഥന്മാരുടെ ഉപദേശപ്രകാരം മന്നാടിയാർ മൂവാറ്റുപുഴ പ്രാക്ടീസ് ചെയ്തിരുന്ന ഇണ്ടിവക്കീൽ വക്കീലായും, സന്നതു ഡിസ്ട്രിക്റ്റ് കോർട്ടിലും മുൻസിഫ് കോർട്ടിലും പ്രാക്ടീസാരംഭിക്കയും ചെയ്തതു്. പരിതഃസ്ഥിതികളാണല്ലോ ഒരുവനെ അവന്റെ സംരംഭങ്ങളിൽ പ്രോത്സാ

ഹിപ്പിക്കയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുന്നതു്. ആലപ്പുഴ, സാഹിത്യകാരന്മാരുടെ വിഹാരരംഗമായിരുന്നില്ല. അതിനാൽ അദ്ദേഹത്തിന് അവിടെ സാഹിത്യസംബന്ധമായി പറയത്തക്ക സേവനങ്ങളൊന്നും ചെയ്‌വാൻ കഴിഞ്ഞിരുന്നില്ല. ശ്രീ ഉള്ളൂരിന്റെ സ്ഥിതി നേരെ മറിച്ചാണു്. മഹാപ്രഭുക്കന്മാരും, പണ്ഡിതന്മാരും കവികളും ഉള്ളൂർ എന്നും സ്വമേധയുള്ള ഭാവനാസമ്പന്നനു സഹായകങ്ങളായ ഘടകങ്ങളായി കവിതാരചനയിൽ ഔത്സുക്യം പൂർവ്വാധികം വളർത്തി.

ഉള്ളൂരിനെ പ്രോത്സാഹിപ്പിക്കുന്ന ഒട്ടേറെ പത്രങ്ങളും, മാസികകളും ഉണ്ടായിരുന്നു. ലേഖനസഹായം ചെയ്യുവാൻ ഒരു വക്കീലെന്ന നിലയ്ക്കു് തൻ വ്യവഹാരങ്ങളോ കേസുകളെ സംബന്ധിച്ച പലതും പ്രവർത്തിക്കുവാൻ ധാരാളം സമയം ചെലവാക്കേണ്ടതായിരുന്നിട്ടും കത്തുകൾ, പത്രാധിപന്മാരുടെ അപേക്ഷകളെ ഒരിക്കലും നിരാശരായി പരിഗണിക്കയുണ്ടായിട്ടില്ല. അവർ ആവശ്യപ്പെടുന്ന വിഷയത്തെക്കുറിച്ചു് ആവശ്യപ്പെടുന്ന തോതിൽ, അദ്ദേഹം നല്ല നല്ല ലേഖനങ്ങൾ ഒരു പ്രതിഫലവും കൂടാതെ എഴുതിക്കൊടുത്തിരുന്നു. ഇന്നത്തെപ്പോലെ ധാരാളം ലേഖകന്മാരുള്ള ഒരു കാലമല്ലായിരുന്നു അന്നു്. പത്രാധിപന്മാരും ഇന്നത്തെപ്പോലെ അന്നു സുലഭമായിരുന്നില്ല. എന്നും എല്ലാവരെയും എതിർത്തിരുന്ന ഒരു കാലവുമല്ലായിരുന്നു അതു്. ഭാഷയുടെ പുരോഗമനത്തെ വഴിയിൽ തടയുന്ന പ്രസ്ഥാനങ്ങളും ഉണ്ടായിരുന്നില്ല.

ഇദ്ദേഹം പ്രാക്ടീസാരംഭിച്ച് അധികനാൾ കഴിയുന്നതിനുമുമ്പു മണ്ണാടിയാരുടെ പേർ പ്രസിദ്ധമായി; ധാരാളം ധനവും ആദായം സമ്പാദിച്ചു.

ശുഭമുഹൂർത്തത്തിൽ, സർവ്വഗുണസമ്പന്നയും കുലീനയുമായ ശ്രീമതി പാറ്റൂർ അമ്പാട്ട് ജാനകിയമ്മയെ ക്രമപ്രകാരം താലികെട്ടി വിവാഹംചെയ്തത് ഇക്കാലത്താണ്. അവരുടെ പാരസ്പരികപ്രണയത്തിന്റെ വിശിഷ്ടഫലമായി ഒരു പുത്രൻ ജനിച്ചു. അദ്ദേഹമാണ് ഇന്ന്, ഇന്നാട്ടുകാരുടെയെല്ലാം ബഹുമാനപ്രശംസകൾക്കു പാത്രീഭവിച്ചു ശോഭിക്കുന്ന ശ്രീമാൻ പി. ആർ. മേനോനവർകൾ. മണ്ണാടിയാരുടെ സൂക്ഷ്മാന്വേഷണവും, സാമർത്ഥ്യവും കലാഭിരുചിയും ഈ മേനവനിൽ സവിശേഷം പ്രതിഫലിച്ചിട്ടുണ്ട്. [illegible] കവിതാ മാത്രം പുസ്തക[illegible] കൊറച്ചു ഗുണങ്ങളും [illegible] മണ്ണാടിയിൽ [illegible] നാട്ടുകാർക്കു [illegible] ലോകപ്രസിദ്ധ [illegible] വിശിഷ്ടമായ പ്രമാണിയായെങ്കിൽ, [illegible] ആണ് സമുദായത്തിന്റെ [illegible] സമുദായത്തെ ബാധിച്ചിട്ടുള്ള [illegible]യിൽനിന്നു അതിനെ രക്ഷിക്കണം. ഇവരുടെ വാസ്തവത്തിൽ ലോകത്തുള്ളവർക്ക് തന്നെയാണ്.

ശ്രീമതി അമ്പാട്ട് ജാനകിയമ്മയുമായി ദാമ്പത്യബന്ധത്തിലേർപ്പെട്ട് അധികനാൾ സുഖം കഴിഞ്ഞുകൂടുവാൻ കാലപുരുഷൻ അനുവദിച്ചില്ല. അദ്ദേഹം രണ്ടാമതും വിവാഹം ചെയ്തു. കാലപുരുഷനിൽ അന്തരംഗത്തിൽ ലയിക്കുന്ന കൊല്ലങ്കോട്ടു രാജവംശത്തിലെ ജാനകിയമ്മയുടെ സ്ഥാനം പിന്നീട്

വർണ്ണിച്ചിട്ടുണ്ട്. ഈ ഭാഷയിൽത്തന്നെ കാലം നശിക്ക
ാത്തതായ ഒരു ദ്രവ്യം കൊണ്ടുകെട്ടിയമാതിരിയാ
യിരുന്നു. കാവ്യാനുരൂപമായ വിദ്യാഭ്യാസവും ആ സ്ത്രീ
ക്കു സിദ്ധിച്ചിട്ടുണ്ട്. വിനയം, ഔദാര്യം എന്നീ വി
ശിഷ്ടഗുണങ്ങൾ കൊണ്ടുകെട്ടിയതിലും പ്രകൃതി യാ
ഥാർത്ഥ്യം തിളങ്ങിച്ചിരുന്നു. കഥാനായകന്നു ദ്വിതീയ
പത്നിയിൽ അതിരററ പ്രേമം ഉണ്ടായിരുന്നുവെങ്കിൽ
അതിന്റെ കാരണം ആ സ്ത്രീയിലുള്ള അസാധാരണഗുണ
ങ്ങളായിരുന്നു.

“ഭാഷാസാഹിത്യോദ്ധാരണം പുറപ്പെട്ടതു 1063
കന്നിമാസം മുതൽ ആരംഭിച്ച കേരളീയപത്രികയിൽ ജാന
കീപരിണയം നാടകം ഭർത്തൃമണിപ്രവാള മനോരമയിൽ
ആരംഭിക്കുകയും അതുകൊണ്ടും ഇടവമാസം 1-ാംനു- അതു
മുഴുമിക്കുകയും ചെയ്തു” എന്നു ഭാഷാചരിത്രകർത്താവിന്റെ അഭിപ്രാ
യപ്പെടുന്നു. മററുചിലർ ഈ അഭിപ്രായം കൈക്കൊള്ളു
ന്നില്ല. മനോരമയിൽ പ്രസിദ്ധപ്പെടുത്തിയ ശേഷം, ചെയ്തുവ
ച്ചു ജോലി മുഴുവനാക്കാതെ മരണത്തിൽ ഏ
ർപ്പെട്ടുവെന്ന വിചാരിക്കുന്നതു ശരിയല്ല. ജാന
കീപരിണയം എന്ന പ്രസിദ്ധീകരിക്കുന്നതിനു
മുമ്പ് കൊല്ലം മുമ്പ് അദ്ദേഹം ഭാഷാസാഹിത്യ
ത്തിൽ പ്രസിദ്ധപ്പെടുത്തിയതായി കേൾക്കുന്നു. 1057-ാ
മാണ്ട് ഇടവത്തിലാണ മനോരമയിൽ ശ്രീവർദ്ധപുരം
നടന്നത് ഉറപ്പിച്ചതെന്നും 1063 കന്നിമാസം മുതൽ
കാണു മാസികയിൽ ചേർത്തുതുടങ്ങി ആരംഭിച്ചതെ
ന്നു ഭാഷാചരിത്രകർത്താവുതന്നെ സമ്മതിക്കുന്നുണ്ട്.
ഇതിനിടയ്ക്കുള്ള 9 കൊല്ലം മനോരമയിലെ സാഹി
ത്യപരിശ്രമവും ചെയ്യാതെ കഴിച്ചുകൂട്ടി എന്നതു വിശ്വ
സനീയമായി തോന്നുന്നില്ല. ഈ കാലത്തായിരിക്കണം

അദ്ദേഹം ഗോശ്വാസ്യമാഹാത്മ്യത്തിൽ ചേർത്തിട്ടുള്ള അദ്ധ്യായം എഴുതിത്തീർത്തിരിക്കുവാനിടയുള്ളതു്. ഇദ്ദേഹപ്പുസ്തി വന്നു 1064 മകരം 15-ാം തീയതിയാണെന്നു "ക്ലിഷ്ടമേധയേതി" എന്ന കലിദിനസംഖ്യകൊണ്ടു തീർച്ചപ്പെടുത്താവുന്നതാണു്. ഏതായാലും, ഗോശ്വാസ്യമാഹാത്മ്യമാണു് ആദ്യമായി അദ്ദേഹം ചെയ്തിട്ടുള്ള ഗ്രന്ഥമെന്നു നിർവ്വിവാദം പറയാം. അതുകഴിഞ്ഞു്, ഏതാനും കൊല്ലങ്ങൾക്കുശേഷമാണു ജാനകീപരിണയം അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്.

ജാനകീപരിണയം സംസ്കൃതനാടകം തർജ്ജമ ചെയ്വാൻ കഥാപാത്രങ്ങളെ പ്രേരിപ്പിച്ചതു് ഒന്നാമതു് അതിന്റെ യോഗ്യതയും, രണ്ടാമതു് നാടകാഭ്യാസത്തിൽ പലരും അക്കാലത്തു് ശ്രദ്ധാപൂർവ്വം ഏർപ്പെട്ടിരുന്നവരായിരുന്നതുമായിരുന്നു. സംസ്കൃതനാടകങ്ങൾ പഠിച്ചു് അഭ്യസനം നടത്തുന്ന കാര്യം ദുഷ്കരം, ഒരു പക്ഷേ അതിനതികാൻ സാധിച്ചുവെന്നുവന്നാൽ തന്നെയും, കാണികൾക്കു കഥ മനസ്സിലാക്കാൻ വിഷമമായിരിക്കുമെന്നുള്ള സംഗതി സ്വാഭാവികമാകുന്നു. മൗലിക (original) മലയാളനാടകങ്ങൾ എഴുതുവാൻ പലർക്കും ധൈര്യവും തോന്നി. അതാണു സംസ്കൃതസാഹിത്യത്തിൽ പേരും പെരുമയുമുള്ള നാടകകാവ്യങ്ങളിലൊന്ന മണ്ഡിയാർ പ്രകൃതികളുടെ ശ്രദ്ധ പതിയുവാനുള്ള കാരണം. മണ്ഡിയാർ നാട്യകലയിൽ വിദഗ്ദ്ധനായ ശ്രീമതി കാമ്മീരമാക്കിൽ കാവുങ്ങൽ നാടകസംഘത്തിൽ ചേർന്നതിൽനിന്നു് ആ വിഷയത്തിൽ അദ്ദേഹത്തിനുള്ള വാസനാബലം എത്രത്തോളമുണ്ടെന്ന വിശദമാകുന്നുണ്ടു്. ഈ അവസരത്തിലും ഗോശ

കൽക്കണ്ടവും ഭഗവൽപ്രേമരസജനകങ്ങളുമാകയാൽ പ്രസിദ്ധിപ്പിക്കണമെന്നു നമുക്ക ഉൽഘോഷിക്കാം.

മണ്ണാടിയാർ നാടകമെഴുതിത്തുടങ്ങിയ കാലം ഭാഷാനാടകസാഹിത്യത്തിലും അഭിനയത്തിലും ഇംഗ്ലീഷ്‌വിദ്യാർത്ഥികൾ കൂടുതലധികം ആസക്തി പ്രദർശിപ്പിച്ചിരുന്നു. സംഗീതനാടകാഭിനയം, ഷേക്സ്പിയർ തുടങ്ങിയ ഗ്രന്ഥകർത്താക്കളുടെ കൃതികളുടെ, സംസ്കൃതനാടകങ്ങളിൽ നിന്നുള്ള പരിഭാഷകളുടെ അഭിനയം, തമിഴ് സാഹിത്യകാരനായ ശ്രീമാൻ സി. പി. അച്യുതമേനോനവർകളും അദ്ദേഹത്തിന്റെ ചില സ്നേഹിതന്മാരും ഭാഷാനാടകസംഘങ്ങൾ സ്ഥാപിച്ചു നടത്തിവന്നിരുന്ന ഒരു കാലത്താണ്. ഭാഷാനാടകങ്ങളിൽ ഒപ്പം ഗുണമേന്മയും ഒത്ത കൊള്ളാം നാടകങ്ങൾ ഇംഗ്ലീഷുകാരുടെ മാതൃകയിൽ നാടകം നടത്തിയേക്കാവുന്ന സ്ഥിതിയിൽനിന്നും ഉന്നതമായ നിലയിലേക്കുയർത്തിപ്പിച്ചിരുന്നതും ഒരു കാലത്തായിരുന്ന ജാനകീപരിണയം നാടകം ഇത്ര പെട്ടെന്നു ഭാഷാസാഹിത്യത്തിൽ പ്രകാശിക്കാൻ ഇടയായതിന്റെ കാരണം ഇപ്പോൾ എല്ലാവർക്കും വ്യക്തമായിരിക്കുമല്ലോ.

പുസ്തകപ്രസിദ്ധീകരണം കഴിഞ്ഞ ഉടൻ, സ്നേഹിതന്മാർക്കെല്ലാം മണ്ണാടിയാർ അതിന്റെ ഓരോ പ്രതി പാരിതോഷികമായി അയച്ചുകൊടുത്തു. കൂട്ടത്തിൽ, വിദുഷികളും പിതാവിന്റെ ഭാഗിനേയിമാരുമായ വെങ്കിടി കൊച്ചുവീട്ടിൽ "അരിപ്പിക്കയിലമ"യ്ക്കും "കല്യാണിക്കുട്ടിയമ്മ"യ്ക്കും ഓരോ പുസ്തകം കിട്ടി. സംസ്കൃതഭാഷയിൽ ഗ്രന്ഥമെഴുതുന്നവരായ ഇവർ ശ്ലോകങ്ങളെ അവരുടെ പ്രദർശിപ്പിക്ക

നവരായിരുന്നു. അതിനാൽ ജാനകീപരിണയത്തിന്റെ മേന്മയെ സംബന്ധിച്ചു അവർ നല്ല അഭിപ്രായമല്ല ഉണ്ടായതു്. മനോധർമ്മപ്രാചുര്യം, അദ്ദേഹം നാടകകാവ്യങ്ങളിൽ അധികം പ്രദർശിപ്പിച്ചു വരുന്നു എന്ന കാരണത്താൽ, അവർ സാമാന്യേന വെറുപ്പുള്ളവരായിരുന്നു.

ജാനകീപരിണയം തർജ്ജമയെക്കുറിച്ചു നല്ലതല്ല അഭിപ്രായങ്ങൾ പലരും ഗ്രന്ഥകർത്താവിനെ ധരിപ്പിച്ചു. "ശാകുന്തള"ത്തെ അഭിപ്രായങ്ങൾ അറിവാൻ കഴിഞ്ഞിരുന്ന കഥാപുരുഷന്നു അവരിൽനിന്നു ലഭിച്ച പ്രശംസാപത്രം ഇത്തരത്തിലുള്ളതായിരുന്നു.—

"ജാനകീപരിണയം നൃ
നാടകം നല്ലതാവും
നായികയില്ലാതെ
നായകന്മാർ മാത്രമായും."

ഈ പദ്യം മനോധർമ്മത്തെ അതിശയിപ്പിച്ചു വെളിപ്പിച്ചു തന്റെ പ്രയത്നം നായികയില്ലാതെ നായകന്മാരെ സൃഷ്ടിക്കുന്നതിനു മാത്രമേ ഉപയുക്തമായിട്ടുള്ളൂ എന്ന സംഗതി, ഒന്നും ദുഷ്ടബുദ്ധികളിൽനിന്നുള്ള അഭിപ്രായങ്ങളെ കേട്ടിരുന്ന അദ്ദേഹത്തിനു ദുസ്സഹമായിത്തോന്നി. വാസ്തവം പറയുന്നപക്ഷം, അർത്ഥപുഷ്ടികൊണ്ടും ശബ്ദഭംഗികൊണ്ടും, രചനാസൗന്ദര്യംകൊണ്ടും ഒരുപടി മുകളിൽ നിൽക്കുന്ന ജാനകീപരിണയത്തെ "കവിയശ്ശ"ന്മാർ പരിഹസിച്ചു സംഗതി മനസ്സിലാക്കിയ അദ്ദേഹം വിസ്മയാധികൃതനായി പുളകിതനായി.

"ഏററംപ്രായം കുറഞ്ഞിൻപലനികരം
പഴുത്തൊട്ടു വീഴുന്ന മട്ടും
കാററും വീശുന്ന കാറിൻവലിയൊരു പൂമഴക്കാ-
ളമൊട്ടന്നപോലെ
പുററും മേൽക്കാറും മാഞ്ഞുപരത്തിലധികം
വിങ്ങിവിങ്ങുന്ന തെന്നും
കററക്കാർവേണികൾക്കാകവേതാടിയുമെ-
നാളികേരങ്ങളുമല്ല"

"പുത്രൻ സദ്ഗുണൻ നിർമ്മിപ്പുവധികളഞ്ഞാ-
ദ്വൈപ്പുല്യമായും കൊടു-
കല്യാണക്കോപ്പും വന്നു കൂടി ഗുണഗണമൊന്നു
പോയ്‌കിട്ടിയതാണവന്റെ
കല്പിച്ചപോലെയെല്ലാം കരമതിനേറെ
സത്യലോകത്തിൽനിന്നി-
ങ്ങെത്തിത്താനാണെന്നു കണ്ടാൽ തെളിവു തെളിവി-
ക്കാണ്മതെന്തോ തിരിക്കുന്നോ"

എന്നിങ്ങനെയുള്ള ഒന്നാംതരം പദ്യങ്ങൾകൊണ്ട് അലംകൃതമായ ജാനകീപരിണയം ആ വിദ്വാന്മാരുടെ ദൃഷ്ടിയിൽ നിസ്സാരമായി തീർന്നതാലോചിക്കുമ്പോൾ അങ്ങയെ അങ്ങനെ തോന്നുകയില്ലേ ആർക്ക് വ്യസനമുണ്ടാകയില്ല!!

പ്രസ്തുത പദ്യം വായിച്ചപ്പോൾ നിരാശാകലുഷമായ ഹൃദയവും അദ്ദേഹം സ്വയം വിധേയനായിത്തീർന്നെങ്കിലും, സാഹിത്യപ്രവർത്തനത്തിൽ ആ സ്ത്രീകൾ കണ്ടില്ല സ്വാതന്ത്ര്യമൊന്ന് അവരിൽ അദ്ദേഹത്തിന്റെ അതിരററ ബഹുമാനം തോന്നാതിരുന്നില്ല. കല്യാണിക്കുട്ടിയമ്മയാണ് പത്രകർത്രിയെന്ന പിന്നീട് അദ്ദേഹത്തിനു മന-

സ്ത്രീയായി. അന്നുമുതൽ അദ്ദേഹം ആ സ്ത്രീയുമായി ഇടപെട്ടു കത്തിടപാടുകൾ നടത്തുകയും യഥാവസരം അതിസുഖസംഭാഷണത്തിൽ ഏർപ്പെടുകയും ചെയ്തു പുതിയ കർമ്മത്തിനുള്ളിൽ കടാപ്പുറത്തെ കല്യാണിക്കുട്ടിയമ്മയിലും, ആ സ്ത്രീരത്നത്തിന് അദ്ദേഹത്തിലും പ്രേമം അങ്കുരിച്ചു. ഏറെത്താമസിയാതെ അവർ ദമ്പതിമാരായിത്തീർന്നു.

സപത്നീകലഹംപോലെ, കുടുംബജീവിതത്തെ അലങ്കോലപ്പെടുത്തുന്ന സംഗതി മറ്റൊന്നില്ലല്ലോ. ആ ഒരു ബാധ ഉണ്ടാകാതിരിക്കണമെന്ന കരുതി മേനോൻ, കല്യാണിക്കുട്ടിയമ്മയെ താൻ വിവാഹം ചെയ്യാൻ വിചാരിക്കുന്ന സംഗതി കൊച്ചപ്പുള്ള ഒരു കൃഷ്ണകുട്ടിയമ്മയെ അറിയിക്കയും, ഭർത്താവിന്റെ ഹിതം തനിക്കും ഹിതം എന്ന ആദർശമായി വിശ്വസിച്ചിട്ടുള്ള ആ സ്ത്രീ അതിന്ന പൂർണ്ണാനുവാദം മനഃപൂർവ്വം നൽകുകയും ചെയ്തു

കല്യാണിക്കുട്ടിയമ്മ കുറെക്കാലം “ഉത്തമബന്ധു” എന്ന പ്രസിദ്ധ പത്രികയുടെ കർത്തൃത്വം വഹിക്കയുണ്ടായി. അദ്ദേഹവുമായുള്ള സഹവാസംകൊണ്ട് അവർക്കുണ്ടായിരുന്ന സംസ്കൃതപാണ്ഡിത്യവും സവിശേഷം വർദ്ധിച്ചു. പല സംസ്കൃതഗ്രന്ഥങ്ങളും സ്ത്രീയുടെ അഭിവൃദ്ധിയിൽ പരിശ്രമത്തിനും ആ സ്ത്രീക്ക സംഗതി വന്നിട്ടുണ്ട്. നിർഭാഗ്യവശാൽ അദ്ദേഹവുമായുള്ള ബന്ധം അധികകാലം നിലനിന്നില്ല. വിധവയായി അവർ കഴിഞ്ഞുകൂടുന്ന കാലത്താണ് മന്നാടിയാർ അവരെ വിവാഹം ചെയ്തു സഹചാരിണിയാക്കിയത്.

ഈ സ്ത്രീരത്നം പറയത്തക്ക ഗ്രന്ഥങ്ങളൊന്നും എഴുതുകയുണ്ടായിട്ടില്ല എങ്കിലും അവരെഴുതിയ ചില പദ്യങ്ങൾ കേരളത്തിലെ കവിലോകത്തിൽ ഇന്നും ഭക്തിപൂർവ്വം പാരായണം ചെയ്യപ്പെടുന്നുണ്ട്. മനോരമയവർകൾ കല്യാണിക്കുട്ടിയമ്മയുടെ വിവാഹം കഴിച്ചതു 1075-ാമാണ്ടിലായിരുന്നു.

1076-ാമാണ്ടിലാണ് കഥാപുരുഷൻ, മഹാകവി ഭവഭൂതി പ്രണീതമായ 'ഉത്തരരാമചരിതം' നാടകം തർജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്തിയത്. കേരളവിദ്യാഭ്യാസത്തെ സഹായിക്കുന്നതിന് ഉത്തരഭാരതത്തിൽ, അതിപ്രസിദ്ധമായി വിളങ്ങിയിട്ടുള്ള ഒരു സുപ്രസിദ്ധ ദൃശ്യ (മഹാ)കാവ്യമാകുന്ന ഉത്തരരാമചരിതം കാളിദാസമഹാകവിയോളം.

“അഹംവാ ഭവഭൂതിർവാ
ആവാമവനിരിച്ഛയാ
ഉത്തരേ രാമചരിതേ
ഭവഭൂതിർവിശിഷ്യതേ”

എന്നിങ്ങനെയാണല്ലോ പ്രസ്തുത മഹാകാവ്യത്തെ പ്രകീർത്തിച്ചിട്ടുള്ളത്. ഭവഭൂതിയുടേതന്നെ വിദ്വല്ലോകം സമ്മതിച്ചിട്ടുള്ള “മാലതീമാധവ”ത്തെയും “മഹാവീരചരിത”ത്തെയും അപേക്ഷിച്ച് ഉത്തരരാമചരിതത്തിനുള്ള മാഹാത്മ്യവും ഒന്നു വേറെതന്നെയാണ്. ഈ മഹാകാവ്യത്തെയാണ് ഭാഷയിലേക്ക് പരിവർത്തനം ചെയ്യാൻ കഥാപുരുഷൻ സന്നദ്ധനായത്. ഭാഷാനാടക കുടുംബത്തിൽ അതിനെ ചേർക്കുന്നതിനായിട്ടാണ് ഉത്തരരാമചരിതവും അദ്ദേഹം പരിഭാഷപ്പെടുത്തിയത്.

ഈ നാടകം പരിഭാഷ ചെയ്തുവച്ചിരിക്കുന്ന സമയത്താണ്, ഏതിലിതിനെല്ലാം ഭാഗങ്ങൾ മോഷ്ടിക്കപ്പെട്ടുപോയത്. ഭാഷാകൈരളി സാഹിത്യലോകത്തിൽ പ്രസിദ്ധന്മാരായ ചിലരായിരുന്നു എന്നു ബലമായ പൂർവ്വപക്ഷമുണ്ടായിരിക്കുന്നു. ഇവരിലൊരു ചെയ്തത്, വാസ്തവത്തിൽ, ഒന്നാമതായി ഏർപ്പെട്ട പ്രവർത്തിച്ചുവന്ന നാടകസംഘത്തിന്റെ ക്രമമനുസരിച്ച് അദ്ധ്യായത്തിൽ ആദ്യഭാഗങ്ങളായി തീർന്നുകൊണ്ടുമാത്രമാണ്. ഒന്നാമതായി നാടകമെഴുതി അഭ്യസിക്കാൻ തുടങ്ങിയ പത്രമാസം തുടങ്ങി പലപല പ്രദേശങ്ങളിലും പരന്നു. എതിർസംഘത്തിൽ നാടകം കാണാനുള്ള ആളുകളുടെ സംഖ്യ നാൾക്കുനാൾ കുറഞ്ഞും വന്നു. ഉത്തരരാമചരിതം അതിനിടയിൽ പ്രകാശനം ചെയ്യാൻ ഉൽക്കണ്ഠ പ്രദർശിപ്പിച്ചുവന്ന വിവരം ഭാഷാകൈരളിയാകെ പരന്നതുമാണ്. നാടകം അപഹരിച്ചെടുത്ത് പേർ മാറ്റി പ്രസിദ്ധപ്പെടുത്തുന്നതിനും, അതു അഭിനയിപ്പിച്ച് ധനസമ്പാദനത്തിന് പ്രസിദ്ധീകരണമാക്കുന്നതിനും മാത്രമാണ് ഇത്രവലിയ ഒരു കട്ടക്കളവ് ചെയ്തവൻ കള്ളന്മാർ ബലാൽക്കാരമായിത്തീർന്നത്. അതുകൊണ്ട്, മറ്റൊന്നും ഏതായാലും പ്രേരിപ്പിക്കയില്ല;

വളരെ പണിപ്പെട്ട് തർജ്ജമചെയ്ത ഒരു ഭാഗം അപഹരിക്കപ്പെട്ടതായി കേട്ടപ്പോൾ കഥാപാത്രത്തിന്റെ മിത്രങ്ങൾക്ക് ഏതൊന്നില്ലാത്ത പരിഭവവും വ്യസനവുമുണ്ടായി. ഒന്നാമതൊരാൾക്കെങ്കിലും, ഒരു ദേഷ്യവും ഉണ്ടായില്ല. അദ്ദേഹം സുഹൃത്തുക്കളോട് പറഞ്ഞത് ഇതാണ്.—

“എന്റെ പ്രയത്നഫലത്തെ അപഹരിച്ചവർ ആരൊക്കെയാണ് എനിക്കറിയാം, ഞാൻ അതുകൊണ്ട് ഒട്ടും

തന്നെ പരിഭവിക്കുന്നില്ല. അവരോടു പ്രതിക്രിയ ചെയ്യാനും ഞാൻ വിചാരിക്കുന്നില്ല. ഇനി മൂന്നും കൂടി പരിശോധിക്കപ്പെടുത്തുവാനാണ എന്റെ ഭാവം. നാലുംകൂട്ടിയവൻ എന്നിക്കോർമ്മയുണ്ട്. ആ ഗ്രന്ഥങ്ങൾക്ക് ഇനി മൂന്നും തർജ്ജമചെയ്തു കിട്ടണമല്ലോ. അതിനൊന്താണു നിവൃത്തി? ആവശ്യപ്പെട്ടാൽ പ്രകാശിയുടെ ഭാഗംകൂടി ഞാനവർക്കു സസന്തോഷം നൽകാം."

നോക്കുക മന്നാടിയാരുടെ മനോഭാവം! അദ്ദേഹം കാളിദാസകൃതികൾ തർജ്ജമ ചെയ്വാനാകുകയും, എതിരാളികൾ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പായി മന്നാടിയാരുടെ ഗ്രന്ഥം പ്രകാശിതമായിത്തീരുകയും ചെയ്തു.

ഉത്തരരാമചരിതത്തിലെ ഏതാനും ഭാഗം അപഹരിക്കപ്പെട്ടുപോയ സംഗതി പ്രസ്തുത നാടകത്തിലെ നടീസൂത്രധാരസംഭാഷണത്തിൽ പ്രസ്താവിക്കയും ചെയ്തിട്ടുണ്ട്.

"സീതാദേവിയെ രാക്ഷസേന്ദ്രനതുപോലിന്നാമവും-
(ബ്ബാലമാ-
ത്താനം ചിലരൊട്ടുചെന്നാശു പുരാണങ്ങൾകൈ
(ക്കലാക്കിനാൻ
പിന്നെയന്നതൊക്കെയാർക്കുമിതിൽച്ചേർത്തങ്ങി
(ട്ടൊപ്പിച്ചാ
ണന്നസീതയെയന്നപോലിതിനെയും ശങ്കിക്ക
വേണ്ടല്ലയെന്നാം"

ഇതാണു പ്രകൃതപദ്യം.

എതിർകക്ഷികളും സാമാന്യക്കാരായിരുന്നില്ല. അവർ അക്കാലം, കവിശ്രേഷ്ഠന്മാരെന്ന പട്ടത്തിനു മേൽ വാഴ

നാടകം ഭാഷപ്പെടുത്തി ഒടുവിലായി പൊതുജനസമക്ഷം പ്രസിദ്ധപ്പെടുത്തി. സാഹിത്യകാരന്മാർ ഈ ഗ്രന്ഥത്തിലെ ഗുണദോഷം പരിശോധിച്ചുനോക്കി മന്നാടിയാരുടെ ഉത്തരരാമചരിതത്തിനുള്ള യോഗ്യത സവിശേഷം പ്രശംസനീയമായിരിക്കുന്നുവെന്നു പ്രസ്താവിച്ചിട്ടുണ്ട്. കലാപുരുഷന് ഇതിൽ ആവശ്യമുള്ളൂ? താനെഴുതുന്ന ഗ്രന്ഥത്തിന്ന് സഹൃദയസമ്മതി ലഭിക്കണം, അതദ്ദേഹത്തിന്നു സിദ്ധിക്കയുണ്ടായി. തന്റെ പ്രയത്നം ഫലവത്തായി തീർന്നതുകൊണ്ടു മന്നാടിയാർ കൃതകൃത്യനായി "ക്ലേശഃ ഫലേന ഹി പുനർന്നവതാം വിധത്തേ" എന്ന കാളിദാസോക്തിയിൽ കഥാപുരുഷനെ കുറിച്ചു പറയുന്നുണ്ട്.

IV

"ഒരാൾക്കു ഒരു കവിയാവാനം വേണമെങ്കിൽ അയാൾ തന്റെ കല്പനാശക്തി പ്രയോഗിച്ചു് എന്തെങ്കിലും കവിതയുണ്ടാക്കിയിരിക്കണം. അല്ലാതെ ഒരു ഭാഷയിൽ മററുള്ളവർ ഉണ്ടാക്കിയിട്ടുള്ള കൃതികളെ മറെറാരു ഭാഷയിൽ തർജ്ജമമാത്രം ചെയ്യുന്നതുകൊണ്ടു് ഒരു തർജ്ജമക്കാരൻ അല്ലെങ്കിൽ ഒരു പണ്ഡിതൻ എന്നല്ലാതെ കവിശബ്ദത്തിന് അയാൾ അർഹനായി വരുന്നതല്ല." ഈ അഭിപ്രായമാണല്ലോ മന്നാടിയാരെ കവിയല്ലെന്നു സമർത്ഥിക്കാൻ ചിലർ കൊണ്ടുവന്നിട്ടുള്ളത്. അവരുടെ ന്യായങ്ങൾതന്നെ നമുക്കു വാദത്തിനുവേണ്ടി പ്രമാണമാക്കുക. മന്നാടിയാർക്കും സ്വതന്ത്രകവനത്തിന് ശക്തനല്ലെന്നുള്ള ദോഷമായിരിക്കുമല്ലോ എതിരാളികളെക്കൊണ്ടു ഇങ്ങനെ ശങ്ക കൂടാതെ പറയിച്ചി

ട്ടുണ്ട്. മണ്ണാടിയാർ തർജ്ജമയിൽ മാത്രമല്ല, സ്വതന്ത്ര കാവ്യനിർമ്മാണത്തിലും സമർത്ഥനാണ്. അദ്ദേഹത്തിന്റെ കവിതാപാടവം ഭാഷയിലെന്നപോലെ സംസ്കൃതത്തിലും നിഴലിച്ചുകാണാം. സംസ്കൃതഭാഷയിൽ കവിതയെഴുതുന്ന മണ്ണാടിയാരെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിനു വളരെ വൈദഗ്ദ്ധ്യമുണ്ടെന്നുകൂടി അദ്ദേഹം തെളിയിച്ചിട്ടുണ്ട്.

വളരെക്കാലം തൃശ്ശൂർ ഡിസ്ട്രിക്റ്റ് കോർട്ടിൽ ജഡ്ജിയായിരുന്നതും പിന്നീട് മദ്രാസ് ഹൈക്കോർട്ടിൽ അഭിഭാഷകനായിരുന്ന ധന്യനായ ശ്രീമാൻ ടി. ആർ. രാമചന്ദ്രൻ പൃഥ്വീശി (പ്രകാശ്) ദേവനെ സ്തുതിക്കാനായി സംസ്കൃതഭാഷയിൽ ഒരു സ്തവം ഉണ്ടാക്കിയിട്ടുണ്ട്, പൃഥ്വീശീശതകത്തിൽ ഉള്ളത്. ഇതു നല്ല കഥാപ്രസംഗത്തിനായി ഉപയോഗപ്പെടുകയുണ്ടായി. ഈ ഗ്രന്ഥം ഭാഷയിലും സ്തോത്രം ഉണ്ടാക്കിത്തരണമെന്നു അദ്ദേഹം അപേക്ഷിച്ചു "ഞാൻ പരിശ്രമിക്കാം" എന്നുപറഞ്ഞു് മണ്ണാടിയാർ സ്തോത്രനിർമ്മിതിയിലുദ്യുക്തനായി

ഈ ഗ്രന്ഥം 120 പദ്യംകൊണ്ടു അവസാനിക്കുന്ന സ്തോത്രം ഏതാനും ദിവസംകൊണ്ടു രചിച്ചു കഴിഞ്ഞു. ദ്രുത കവിതയാണെന്നുള്ളതുകൊണ്ട് കവിതയ്ക്കു ശൈഥില്യം ലേശമെങ്കിലും സംഭവിച്ചിട്ടില്ല. ശ്രീരാമന്റെ അപദാനങ്ങളാണ് പ്രസ്തുത സ്തോത്രത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. മണ്ണാടിയാരവർകളുടെ പരമഭക്തിയും ആദരവും അനുഭവപ്പെടുന്ന ഒന്നാണെന്നു കാണാം. പൃഥ്വീശിസ്തോത്രം താഴെ ഉദ്ധരിക്കുന്ന പദ്യംകൊണ്ടാണ് ആരംഭിക്കുന്നതു്:—

"ചിരകാലമതെന്നുമങ്ങനെ
ഉദ്ധൃതാവിമലലോകനന്ദകസ്സ്വാകരാൻ
സുന്ദരപാവനകൃതി
സുതരാമവലേ വസതി ജാനകീജാനി."

[ചിരകാലം കൊണ്ടു സൽകർമ്മങ്ങളും ചെയ്തുവന്ന് ഉദ്ധൃതം, ലോകാനന്ദനം, സുന്ദരം, പവിത്രമോടു കൂടിയവനായ ജാനകീപ്രിയൻ (ശ്രീരാമഭദ്രൻ) പൃഥ്വിയിൽ പരിശോഭിക്കുന്നു.]

ഇങ്ങനെ നമ്മുടെ ഒരു സംസ്കാരമാണ് പൃഥ്വീവൃത്തവും ആദ്യപ്രാസം, ദ്വിതീയാക്ഷരപ്രാസം, അന്ത്യപ്രാസം തുടങ്ങിയ ശബ്ദാലങ്കാരങ്ങൾകൊണ്ടു സമൃദ്ധമായിട്ടുള്ള ഒരു ബാലകാവ്യമാകുന്നു പ്രസ്തുത ഗ്രന്ഥം. ഉദാഹരണമായി ചില പദ്യങ്ങൾ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

(1) വാത്മീകികൃതഗ്രന്ഥം
വചസാനാനാവിധകഥകൾ ചേർത്തും
വാനിലെപ്പോലെയും
വരമംഗളമാം വിധമേശാന്തം.

(2) ശ്രീരഘുവംശോൽസവം
ശ്രീലക്ഷ്മണസൽകൃതമാകും
ശിവമന്ത്രമിനിയോദം
ശ്രീപൃഥ്വിയിലെന്നും ഭാവിതം.

(3) സീതാവിവാഹമേളം
സംഗീതലേശമോലും ഭക്തമേളം
ആനന്ദിതഭക്തമേളം
കല്യാണമംഗളമോടീ കാലം.

(൪) [illegible]
[illegible]
[illegible]
[illegible]

(൫) [illegible]
[illegible]
[illegible]
[illegible]

ഇങ്ങനെ കാലാന്തരത്തിൽ ഉയർന്ന [illegible] ഇതുതന്നെ ഒരു വലിയ പ്രമാണമായിരിക്കുന്നു. [illegible]

കലാപുരുഷൻ്റെ കവിതാപാരവശ്യത്തെയും, പുഞ്ഞശിരീശക്ഷേത്രത്തിൻ്റെ മാഹാത്മ്യത്തെയും പ്രശംസിച്ചു മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും, ബ്രഹ്മശ്രീ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ അവർകളും പദ്യരൂപേണ ചെയ്ത അഭിപ്രായങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.

"[illegible]-
[illegible]
[illegible]
[illegible]
സംസ്കൃതകവിതാ [illegible]
കേരളഭാഷാകവനമെന്നു
[illegible]
[illegible]."

-കേരളവർമ്മ.

അതിസുഭഗശ്രീമദ്ഭി
സ്സുകന്ദളൽപ്രഷിതസർവം
നൂതനകോമളപുഷ്പകൈഃ
പരിശീലിതമാകന്ദോൽപാദമൊരം.
പ്രതിപദമപ്യവികാരി
ഭാവകമോദൈകകാരിസാരസ്യശ്രീ
ഭവ്യമഹിമാ/മനോജ്ഞ
ന്നൂതനകാവ്യനന്ദനമുൽക്കടം.
പരമപുരുഷാർത്ഥമാത്രം
കിരതുവിദ്വൽപ്രകാശനതി
ന്യൂനോച്ചപദമേ ചതുർത്ഥം
യോഗ്യതമന്ദിരമേ സകലമഹ്യം.
കുസുമപിശാചനം
മന്യേ ലോകമനോജ്ഞസ്ഥലം.
സൽപ്രകരകവിതാൽ
സന്തോഷശീലമൂർത്തിവന്ദ്യോ

—പുന്നശ്ശേരി.

അതിപ്രൗഢവും ഔചിത്യം ഉള്ള മനോഹരമായ പ്രസ്തുത ശ്ലോകത്തിൽ ശ്രീമാൻ കൃഷ്ണശർമ്മ അവർകൾ ഒരു വലിയ വ്യാഖ്യാനം എഴുതിയിട്ടുണ്ടെന്നുള്ള വാസ്തവം ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

പുഷ്പശിരീഷസ്തോത്രത്തിലെ കാവ്യഗുണം കണ്ടു സന്തോഷിച്ചു ബ്രഹ്മശ്രീ തൈക്കാട്ടു നമ്മുടെ കവിക്കു 10 പവൻ സമ്മാനം നൽകി. മന്നാടിയാരെപ്പോലെയുള്ള ഒരു പണ്ഡിത കവികളല്ലാതെ മറ്റാരും സമ്മാനം കൊണ്ടു ഇത്ര മനോഹരമായ ഒരു കവിത എ

ഴുതുവാൻ സാധിക്കാത്തതല്ലെന്നുള്ള സംഗതിയും മി: അ ശ്ശർ സമ്മാനമനോഭാവത്തിൽ എടുത്തു പറകയുണ്ടായി

മനോധർമ്മങ്ങൾക്കുള്ള ഉറവായ സ്വതന്ത്രകൃതിയാണ് 'തടാതകാപരിണയം' തിരുവാതിരപ്പാട്ട്. ഇങ്ങിനെ സോദരിയും വൃദ്ധയുമായ കോവിലമ്മ ശ്രീമതി തായിപ്പിള്ളക്കൊച്ചമ്മയുടെ അപേക്ഷയനുസരിച്ചാണ് കവി ഈ കാവ്യനിർമ്മാണത്തിലേർപ്പെട്ടിട്ടുള്ളത്.

ഇതിവൃത്തം. പണ്ടു പാണ്ഡ്യരാജ്യത്തിന്റെ പുത്രനായ മലയധ്വജൻ രാജ്യഭാരം ചെയ്തു തമ്പ്രീതി നേടി. അദ്ദേഹത്തിനു വളരെ കാലമായിട്ടും സന്തതിയുണ്ടായില്ല. പുത്രരില്ലാഞ്ഞു വ്യസനിച്ചു ശൂരസേനന്റെ പുത്രിയായ കാഞ്ചനമാലയിൽ ഒന്നാമതായ പുത്രഭാഗ്യം കാണ്മതിന്നുറപ്പിച്ച് അദ്ദേഹം വളരെ കാലം ജീവിച്ചു. നിർഭാഗ്യവശാൽ അദ്ദേഹം അനപത്യനായിത്തീർന്ന് മനോവിഷമത്താൽ തീരാത്ത ദുഃഖിതനായി. 99-ാമതു യാഗം ചെയ്തു. 100-മത്തെ യാഗത്തിനാരംഭിക്കുന്ന സമയത്ത് ഇന്ദ്രൻ വന്നു വിഘ്നം തുടങ്ങിയതോടെ ആരംഭിക്കകയാൽ ആ സംഗതിയിൽനിന്നു മലയധ്വജൻ വിരമിച്ചു. അനന്തരം ആ മഹാരാജാവു പുത്രകാമേഷ്ടി ആരംഭിച്ചു. സ്വന്തം ഭക്തന്റെ പ്രീതിയാൽ മീനാക്ഷി മലയധ്വജപുത്രിയായി അവതരിച്ചു മാതാപിതാക്കളുടെ ദുഃഖത്തിനു ശമനമാക്കി. സൗന്ദര്യസാരസർവസ്വമായ കന്യകയുടെ ജാതകർമ്മത്തിൽ തടാതകാ എന്നു നാമകരണം ചെയ്തു. ആ കന്യകയുടെ ബാല്യത്തെ കവി വർണ്ണിക്കുന്നതു നോക്കുക.—

ആലിലയതെല്ലാമുടനെപ്പൂക്കൾ കാൺകയാലെ
മേലേതരത്തോടും വസിക്കുന്ന വൃക്ഷത്തിന്മേലെ
വളരെക്കുറവായ കിളിക്കൂട്ടങ്ങൾ വാഴ്ത്തുവാനും
കളിപ്പാട്ടുകളിലുൾപ്പെടുമാനന്ദത്തോടും
കുരുവും വിസ്തൃതമാം നിലയങ്ങൾ തോറും
ഉരുവല്ലാതെ മേവാൻ വരാത്തതിനെ പണിപ്പെട്ടും
കണ്ണുകളിലൂടെ കണ്ടിട്ടും കൃതജ്ഞനായും
കൊണ്ടവൻ തലതാഴ്ത്തി വന്ദിക്കിലും പോലെ
സാമ്യമില്ലാത്തൊരു ഗന്ധമാർന്ന കുസുമ
ങ്ങളെയുപേക്ഷിക്കും നിരസ്സമായ്പ്പൂവുകൾ
അന്ന്യൂനമാകാതെ വളർത്തീടും മലയധ്വജൻ
വർദ്ധിച്ച ആനന്ദം പാരാവാരമില്ലാ വണ്ണം
ശോഭിച്ചീടുന്ന മഹാസുന്ദരിയായ പുത്രി
കന്യകാമണി കീർത്തി ശത്രുമിത്രാദികൾക്കും"

ഇവ്വിധം അംഗപ്രത്യംഗമതിമനോഹരമായ്ത്തീർന്ന കന്യക ഏറെ യൗവനം പ്രാപിച്ചു. പിതാവിന്നു പുത്രിയുടെ വർദ്ധനയിൽ സന്തോഷം ദിനംപ്രതി വർദ്ധിച്ചുവന്നു. പുത്രനില്ലാത്ത ദുഃഖം പുത്രിയെക്കൊണ്ടു പരിഹരിക്കാം എന്നു വിചാരിച്ചിരുന്ന മലയധ്വജന്നു ഈ അന്ന്യായസമയത്തിൽ മനസ്സും ഐശ്വര്യവും ഉണ്ടായി. ഇങ്ങനെയിരിക്കെ,

"മന്നവ, ലോകൈകമാതാവാകുന്ന ശ്രീപാർവ്വതി
സുന്ദരി ശ്രീ മീനാക്ഷി ഭഗവതി ദേവി
ഇന്നു നിൻ ഭാഗ്യത്തിനാൽ കന്യകാരൂപം പൂണ്ടു
നിന്റെ പുത്രിയായി വന്നതെന്നറിഞ്ഞാലും!
ഇന്നു നിൻ കർമ്മങ്ങളാലധികപുണ്യങ്ങൾ
കിട്ടിനാനെന്നോർക്ക ഭാഗ്യശാലിയാം ഭൂപതേ!"

എന്നിങ്ങനെ സുന്ദരേശ്വരനെന്ന വിശ്വസിക്കപ്പെടുവാൻ കാരണമായി. മലയധ്വജൻ സമാധിപ്രാപിച്ചു; അദ്ദേഹം പുത്രിയെ ഗാന്ധർവ്വരൂപം കൊണ്ടു കുമാരനെപ്പോലെ വളർത്തി.

ഇക്കാലത്തിലെ പാണ്ഡ്യരാജ്യ തടാതക വളർന്നു. മലയധ്വജൻ വൃദ്ധനായി; പുത്രി തടാതകയെ അദ്ദേഹം റാണിയായി അഭിഷേകംചെയ്തു. അവിടുന്ന മഹാരാജ്ഞിപട്ടമേൽക്കപ്പെട്ടു. ശത്രുക്കളുടെയെല്ലാം യുദ്ധത്തിൽ ജയിച്ചു രാജ്യവിസ്തൃതി വർദ്ധിപ്പിച്ചും പ്രജകളുടെ സുഖസൌകര്യങ്ങൾ വർദ്ധിപ്പിച്ചും തടാതക രാജ്യഭാരം ചെയ്തു.

ഒരിവസം അവർ മാതാവായ കാഞ്ചനമാലയെ നോക്കി "അമ്മേ, എനിക്ക യൌവനമായിട്ടും, വിവാഹം നടത്തുന്നതിന ആവശ്യമായ ശ്രമങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. ഇങ്ങനെ നാം ഇരുന്നാൽ ഒന്നും ഫലം ഉണ്ടാകുമെന്ന തോന്നുന്നുമില്ല. അതിനാൽ ദിഗ്വിജയം എന്ന വ്യാജേന സൈന്യങ്ങളുമായി പുറപ്പെട്ട വരാനുള്ള ലക്ഷ്യങ്ങൾ നിർവ്വഹിക്കണമെന്നാണ് ഞാൻ വിചാരിക്കുന്നത്" എന്ന അഭിപ്രായപ്പെട്ടു.

കാഞ്ചനമാലയുടെ അനുമതിയോടുകൂടി ദിഗ്വിജയത്തിന പുറപ്പെട്ട തടാതക, ബ്രഹ്മലോകത്തെയും ശിവൻ ഒഴികെയുള്ള അഷ്ടദിക്പാലന്മാരെയും പ്രയാസംകൂടാതെ കീഴടക്കി. ഒടുവിൽ ഒരു ദിവസം ശിവനെ ജയിക്കുന്നതിന കൈലാസത്തിലെത്തി. ശിവഭൂതങ്ങളും തോറ്റോടി. നന്ദികേശ്വരൻ പരിഭ്രമിച്ച വിവരമറിയിപ്പാൻ ശിവസന്നിധിയിലെത്തി. വസ്തുതയെല്ലാം അറിഞ്ഞ സുന്ദരേശ്വരൻ നന്ദികേശ്വരനോട്

“പതിക്കവേണമിവൾക്കു ഞാൻ തന്നെയെന്നൊരുവേള
കൊണ്ടാൽവേണ്ടിയാണല്ലോ മായിച്ചിട്ടിരിപ്പതും”

എന്നിങ്ങനെ അവളിലൊട്ടു സഖീജനങ്ങളോടൊത്തു
മീടുവാൻ പുറപ്പെട്ടു. ആശ്രമത്തിൽ കണ്ട വിനോദങ്ങൾക്കും
പോലെ തിരുവടി കണ്ടപ്പോൾ ദമയന്തിയുടെ ഹൃദയ
ത്തിൽ ഒന്ന് ആശ്ചര്യമായി. ദമയന്തിക്കു ദുഃഖം
മാത്രം തന്റെ ദേഹമാകെ ബാധിച്ചിരുന്നു. ഭീമൻ
തന്നെ സ്വയംവരം ചെയ്വാൻ അനുവദിക്കുന്നതിന്നു ദമയന്തി
പ്രാപ്തയായിരുന്നു. നാനാദേശരാജാക്കന്മാർ അവളെ
അന്വേഷിച്ചുവരുന്നതു കണ്ടാനന്ദിച്ചു
വിവരമറിയിച്ചു. ദേവേന്ദ്രാദികൾ ആയതിൽ തിരി
ച്ചറിഞ്ഞു ദമയന്തി വിവാഹത്തിന്നു ദേവകളും
വരണമെന്നാൽ കല്പന നൽകി. രാജസേവകന്മാർ
ആഘോഷപൂർവ്വം വിവാഹത്തിന്നുള്ള ഒരുക്കങ്ങൾ ചെയ്തു.

തികഞ്ഞ മുഹൂർത്തത്തിൽ ദമയന്തിയെ സ്വദേശ
രാജൻ വിധിയാംവണ്ണം പരിഗ്രഹിച്ചു. ദമയന്തിയെ
വിവാഹംചെയ്തതിന്നു ശേഷം വിവാഹമുഹൂർത്തകം നിർ
വ്വഹിച്ചതൊ!!

... ഭാമിനിയും ശ്രീദേവിയും
ഒരുമിച്ചുണ്ടാകുന്നതൊരു ദിനത്തിൽ
ഒരുവനും കൈപിടിച്ചു പ്രമോദത്തോ-
ടൊരുമിച്ചുവാഴുവതിന്നു യഥാക്രമം
കനകാഭരണങ്ങളിലണിഞ്ഞു നടിച്ചു
മഞ്ജുളഗാനങ്ങൾ തിലകമിട്ടനായി
മഞ്ജുമൊഴി വാണ ദേവിമാരെക്കൊണ്ടുവന്ന
മംഗല്യവേദിയിൽ പാർത്തു രാജവിഭവത്തിനാൽ
അക്കാലത്തു ഹോമം ചെയ്തു പങ്കജനാഭൻ
പങ്കജാക്ഷി മാംഗല്യമണിഞ്ഞുതേ

ഭൂപതേ, കന്യകയെ കൊടുക്കേണമെന്നു ചൊല്ലി
ഭൂപനില്ലായ്കയാൽ തൽപ്രതിനിധിയായി
താനെന്ന ഭാവമോടു കാഞ്ചനമാലയോടും
[illegible] പുത്രിയാം [illegible]
ഹിമവാൻ [illegible] സന്തോഷപൂർണ്ണനായി
സൽകൃത്യത്തിൽതന്നെ [illegible]

ഇങ്ങനെ ശിവൻ പാർവ്വതി [illegible] ദിവ്യവസ്ത്രം ധരിക്കയും [illegible] സപ്തർഷികൾ [illegible] ചെയ്യുകയും [illegible] ശിവൻ [illegible].

ഉണ്ണായിയുടെ കവിതാവാസനയും സംഗീതപാടവവും [illegible] പരിണാമം [illegible] കേരളത്തിൽ പ്രചാരമില്ലാതിരിക്കുന്നതിനു കാരണം, പ്രകൃതിക്കനുസരിച്ചിട്ടുള്ള [illegible] മാത്രമാണ് [illegible] പരിണാമം [illegible] പ്രചാരം [illegible].

ശാകുന്തളം നാടകം ഭാഷാസംഗീതനാടകമായി പ്രസിദ്ധീകരിക്കണമെന്ന് ഉണ്ണായിക്കു വലുതായ മോഹമുണ്ടായിരുന്നു. അദ്ദേഹം [illegible] ചെയ്തിരുന്നു. കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് ഉണ്ണായിയുടെ ഉള്ളം അറിഞ്ഞതിൽ "ശാകുന്തളനാടകത്തെ [illegible] താൻ [illegible] [illegible], [illegible] [illegible]", ഉണ്ണായിയുടെ [illegible] [illegible] തന്റെ

പ്രയത്നം ഫലവത്താകാതെയിരിക്കാനാണു് ഇടയുള്ള തെന്നും" (ചരിത്ര കോളത്തിലെന്നുമാൻ) അറിവിക്കയാലും ഒരു മനോരിയർ ഭാഗം ഇടങ്ങിച്ചു പൂർവാലിയിൽനിന്നു വേഗത്തിൽ പിന്മാറിയതു്. ഈ കേസ്സിൽ എത്രത്തോളം വാസ്തവമുണ്ടെന്നറിയുന്നതല്ല. മനോരിയാതെ സന്ദർഭങ്ങളിൽ അനർഹമായ കാര്യങ്ങളും അനുസരിക്കുന്നതിൽ ബദ്ധശ്രദ്ധനായ മനോരിയെ ഇതുപോലെ വാദിക്കാതെ ഒരു കേസ്സിലായിരിക്കയെന്നുള്ളതു പക്ഷാന്തരമില്ലാത്ത പരമാർത്ഥമാകുന്നു.

V

ഭാവാറപ്പേര് വക്കീലായിരിക്കുന്ന കാലത്തെന്നപോലെ ഇദ്ദേഹം അഭിഭാഷകനായിരിക്കുന്ന കാലത്തും മനോരിയയുടെ യോഗ്യത ഗ്രന്ഥങ്ങളുടെ നിർണ്ണയിക്കുന്നതിനു മതിയായ സംഗതികൾ ധാരാളം ഉണ്ടായിട്ടുണ്ട്. അതെല്ലാം ഇവിടെ വിവരിക്കുവാനൊരുങ്ങുന്നില്ല. ഒന്നുമാത്രം പറയാം. തൃശൂർ ജില്ലാക്കോർട്ടിൽ ശ്രീമാൻ തിരുവെങ്കിടാചാരിയർ ജഡ്ജിയായിരിക്കുന്ന കാലത്തിങ്കൽ പ്രസിദ്ധമായ ഒരു കേസ്സ് അവിടെ നടന്നിരിക്കുന്നു. അന്യായഭാഗത്തെ വക്കീൽ തിരുവനന്തപുരം ഹൈക്കോർട്ടിലെ അഭിഭാഷകപ്രമാണിയെന്ന വിഖ്യാതനായ ശ്രീമാൻ ഇ. ജെ. ജോൺ അവർകളും പ്രതിഭാഗത്തെ വക്കീൽ നമ്മുടെ കഥാനായകനും ആയിരുന്നു. മനോരിയവർകളുടെ കൂട്ടുവക്കീലായിരുന്നതു കൊച്ചിയിലെ സുപ്രസിദ്ധനായ ടി. മാധവമേനവനാണ്. ടി. ജോൺ അന്യാ

യെങ്ങാ വിസ്താരം കഴിഞ്ഞു് ആംഗലഭാഷയിൽ പ്രസംഗ ക്കരുതു്. സ്വന്തസിദ്ധമായ വാഗ്മിതയോടുകൂടി ആരംഭിക്കപ്പെട്ട ആ പ്രസംഗം കുറച്ചിട്ടുകഴിഞ്ഞപ്പോൾ നിയന്ത്രിതമായി. ഒന്നാമിയൻ എഴുന്നേററു ന്യായാധിപതി മുമ്പാകെ ചിലതു ബോധിപ്പിച്ചതാണു ജോൺ വക്കീലിനു നേരിട്ട ഈ പ്രതിബന്ധത്തിനു കാരണം. ഒന്നാമിയൻ അറിയിച്ചതു് എന്താണെന്നു് ഇപ്രകാരമാണു് —

“ബഹുമാനപ്പെട്ട കോടതി, അന്യായഭാഗം വക്കീലിനോടു മലയാളത്തിൽ പ്രസംഗിക്കാൻ ആവശ്യപ്പെടണം. എനിക്കു് ആംഗലഭാഷ അറിഞ്ഞുകൂടാത്തതാണു്. അന്യായവക്കീലിന്റെ വാദമുഖങ്ങളെ മനസ്സിലാക്കേണ്ടതിന് എനിക്കു വളരെ ആവശ്യമാണല്ലോ.”

ജഡ്ജി — “ഇക്കാര്യത്തിൽ നിങ്ങൾ എന്തുപറയുന്നു, മി. ജോൺ?” എന്നു ചോദിച്ചതിനു ജോൺ പറഞ്ഞു:—

